# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD25.4/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/02/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD25.4/22 തീയ്യതി: 19/02/2022

## പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 13-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി. -ഓഡിറ്റ് ഓഫീസർ
സരിത.പി. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശബ്ബാദാസ്.എസ്. -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റജിമോൻ.ഡി | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി. സുമതിടീച്ചർ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ.എ.മുരളീധരൻ | സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീ.ഷാന്റോ. സി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 30-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മഞ്ജുഷ.ആർ.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| അസിസ്റ്റന്റ് എഞ്ചിനീയർ | നൈജു.ടി.വി. | 01-04-2020 | 31-03-2021 |
| ഡോ.റെമിൻ ആൽഫ്രെഡ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ശാലിനി.എസ്. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.സുകുമാരൻ.വി.എം. | വെറ്ററിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ.കനകരാജ് | വെറ്ററിനറി സർജൻ | 01-06-2020 | 31-03-2021 |
| ശ്രീമതി.സുധ.എൻ | പ്രധാന അദ്ധ്യാപിക | 01-04-2020 | 31-03-2021 |
| ശ്രീമതി.ബുഷറ.എ. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീമതി.കെ.ചെല്ല | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷാന്റോ.സി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ജയപ്രകാശ്.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 14-12-2021)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-1 |
| 2 | നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2 |
| 4 | തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2-1 |
| 5 | രജിസ്റ്ററുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2-2 |
| 6 | B4, B17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2-3 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ മുൻകൂർ തുക ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2-4 |
| 8 | റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-2-5 |
| 9 | സാമ്പത്തിക നില<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Saritha P (Senior Grade Auditor, On 03-01-2022) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 16-02-2022) | 1-6 |
| 13 | ക്ഷേമപദ്ധതികൾ<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-01-2022) | 1-7 |
| 14 | സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വിതരണം<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-7-1 |
| 15 | ക്യാഷ് പരിശോധന<br>Written By: Geetha K (Auditor, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: P. Sujatha (Audit Officer, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-9 |

| | | |
|---|---|---|
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Saritha P (Senior Grade Auditor, On 02-01-2022) | 1-10 |
| 18 | രസീതി പരിശോധന – കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-11 |
| 19 | വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: P. Sujatha (Audit Officer, On 03-01-2022) | 1-12 |
| 20 | റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചില്ല<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-1 |
| 21 | എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-2 |
| 22 | പുതിയതായി നിർമ്മിക്കപ്പെടുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഉറപ്പാക്കേണ്ടതാണ്..<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-3 |
| 23 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു<br>Written By: Geetha K (Auditor, On 31-12-2021)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-4 |
| 24 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം<br>Written By: Geetha K (Auditor, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-5 |
| 25 | ഒരു യൂണിറ്റായി കണക്കാക്കേണ്ട വാണിജ്യ സ്ഥാപനത്തിന്റെ അതിർത്തി കൃത്യത വരുത്താതെ നമ്പർ അനുവദിച്ചു.<br>Written By: Geetha K (Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-6 |
| 26 | നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-7 |
| 27 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കുന്നില്ല<br>Written By: Geetha K (Auditor, On 01-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-12-8 |
| 28 | തൊഴിൽ നികതി പരിശോധനയിൽ മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-13 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | 1-13-1 |
| 30 | റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Geetha K (Auditor, On 03-01-2022) | 1-13-2 |
| 31 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല<br>Written By: Geetha K (Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-14 |
| 32 | സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി | 1-15 |

| | | |
|---|---|---|
| | പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നു<br>Written By: P. Sujatha (Audit Officer, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 18-02-2022) | |
| 33 | തെരുവുവിളക്കുകൾ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ, പ്രവർത്തി മോണിറ്റർ ചെയ്തിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-16 |
| 34 | ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിലയിരുത്തൽ<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-17 |
| 35 | വാഹനം സൂക്ഷിപ്പ്, പഴയ വാഹനം ലേലം ചെയ്യൽ<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-18 |
| 36 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-19 |
| 37 | ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-20 |
| 38 | ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-21 |
| 39 | എം.ഡി രാമനാഥൻ സ്മാരക സാംസ്കാരിക നിലയം -കെട്ടിടത്തിന്റെ സംരക്ഷണം ഉറപ്പ് വരുത്തണം<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-22 |
| 40 | ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-23 |
| 41 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-24 |
| 42 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു<br>Written By: Geetha K (Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-25 |
| 43 | എസ്.എസ്.കെ വിഹിതം നൽകൽ- വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-26 |
| 44 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ മുഴുവൻ ആനുകൂല്യവും അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-27 |
| 45 | അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-28 |
| 46 | ആർട്കോയിൽ നിന്നും കട്ടിലുകൾ വാങ്ങൽ- ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-29 |

| | | |
|---|---|---|
| 47 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-30 |
| 48 | കറവയന്ത്രം വിതരണം പ്രോജക്റ്റ് - അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-31 |
| 49 | ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-32 |
| 50 | ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: S.Sabna Das (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-32-1 |
| 51 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-33 |
| 52 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-34 |
| 53 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-35 |
| 54 | വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ -തുടർ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-36 |
| 55 | GLPS മഞ്ഞപ്ര പുനരുദ്ധാരണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-36-1 |
| 56 | ഖാദി വ്യവസായ യൂണിറ്റ് -അടിസ്ഥാന ഭൌതിക സൌകര്യം ഒരുക്കൽ - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 04-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-36-2 |
| 57 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-37 |
| 58 | ചേവക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം -രേഖകൾ ഹാജരാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-38 |
| 59 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല<br>Written By: S.Sabna Das (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 1-39 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saritha P (Senior Grade Auditor, On 03-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയ വിവരം<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saritha P (Senior Grade Auditor, On 02-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: P. Sujatha (Audit Officer, On 13-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saritha P (Senior Grade Auditor, On 06-01-2022)<br>Last Updated By: Saritha P (Senior Grade Auditor, On 06-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 05-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 06-01-2022)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 13-12-2021)<br>Last Updated By: Anish A (Computer Assistant, On 19-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

07-03-2020-ന് ചേർന്ന ഭരണസമിതി തീരുമാനം നം.3-1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 16-2-2021 ലെ തീരുമാനം നം. 5/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3143412 |
| പ്രതീക്ഷിത വരവ് | 215978000 |
| ആകെ വരവ് | 219121412 |
| ചെലവ് | 216082500 |
| നീക്കിയിരിപ്പ് | 3038912 |

### 1-1-2 നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് ഫയലും മിനിറ്റ്സുകളും പരിശോധിച്ചതിൽ ഘടക സ്ഥാപന മേധാവികളോട് നോൺ-പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്തിലുള്ള 10 നിർവ്വഹണ ഉദ്യോഗസ്ഥരുള്ളതിൽ ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ(ഹോമിയോ), മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), വെറ്ററിനറി സർജൻ, എച്ച്.എം, ജി.എൽ.പി.എസ്, മഞ്ഞപ്ര എന്നിവർ മാത്രമാണ് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. കൃഷി ഓഫീസർ, വി.ഇ.ഒ, ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ, അസി. സെക്രട്ടറി, സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകതകൾ കൃത്യമായി ബജറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്ററി നിയന്ത്രണം ഉറപ്പാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ |
|---|---|---|

| | | |
|---|---|---|
| | | തിരിച്ചയച്ച തീയതി |
| 31.07.2021 | 29.05.2021 | ബാധകമല്ല |

വാർഷിക ധനകാര്യപത്രിക തയ്യാറാക്കൽ, കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുകളും രേഖകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കൽ ഇവയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് അന്വേഷണം നം.2/16.12.21 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതാണെന്നും രജിസ്റ്ററുകൾ റീകൺസിലിയേഷൻ പത്രികകൾ ഇവ നിലവിൽ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

## 1-2-1 തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 46454620 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 11823069 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 11823069 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ- 11823069 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-2-2 രജിസ്റ്ററുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

1)ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ ഇനത്തിലുള്ള വരവ് ചെലവ് വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തി ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5, B-6 എന്നിവയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2)അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനങ്ങളുടെ ചെലവുകൾ വ്യത്യസപ്പെട്ടിട്ടിരിക്കുന്നു.

| അക്കൗണ്ട് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | വാർഷികധനകാര്യപത്രിക പ്രകാരമുള്ള ചെലവ് | അഡ്വാൻസ് രജിസ്റ്റർ പ്രകാരം ചെലവ് |
|---|---|---|---|
| 460100103 | Temporary Advance To Officers | 1193732 | 1168298 |
| 460509901 | Advance To Others | 0 | 52184 |
| 460500501 | Advance To Implementing Officers | 186850 | രേഖപ്പെടുത്തിയിട്ടില്ല |

## 1-2-3 B4, B17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ 31.03.2021ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.03.2021 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ എന്നിവ തനത് ഫണ്ടിൽ (ബാങ്ക്/ട്രഷറി) നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുകകളുടെ കൃത്യത

പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | ബി-4 ലെ തുക | ബി-17 ലെ തുക |
|---|---|---|---|---|
| 1 | 320100121 | Corporation Bank (ICDS) A/c No 8579 | 675787 | 747946 |
| 2. | 320200309 | Corporation Bank (Saksharata) A/c No 7727 | 15235 | 24115 |

1-2-4 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ മുൻകൂർ തുക ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500....- Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതായി R&P പത്രിക പരിശോധിക്കുമ്പോൾ കാണുന്നു. മുൻകൂർ തുക നൽകി വർഷാവസാനത്തിനുള്ളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സംഗതികളിൽ " 460500204 എന്ന ഹെഡിൽ ചെലവ് രേഖപ്പെടുത്തേണ്ടതും വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ തുക ചേർക്കേണ്ടതുമാണ്.

1-2-5 റീകൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. (കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.നം | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | കോർപ്പറേഷൻ ബാങ്ക് | 64910 | 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഇല്ല. |

1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 20628393 |
| വരവ് | 75755728 |
| ആകെ | 96384121 |
| ചെലവ് | 79003505 |
| നീക്കിയിരിപ്പ് | 17380616 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 10488000 | 10488000 | 8664265 | 1823735 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 7779745 | 7779745 | 7347412 | 432333 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 352000 | 352000 | 100000 | 252000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 0 | 12642000 | 12642000 | 11405804 | 1236196 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | | 0 | 4323820 | 4323820 | 3247914 | 1075906 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | | 0 | 6020000 | 6020000 | 1222782 | 4797218 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Basic Grant) | | 0 | 7164704 | 7164704 | 7115607 | 49097 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്. സി കാമ്പൈൻ | 61160 | 0 | 61160 | 61160 | 0 |
| | ഐ.സി.ഡി.എസ് | 700017 | 975770 | 1675787 | 1000000 | 675787 |
| | സമ്പൂർണ്ണശുചിത്വം | 918338 | 0 | 918338 | 918338 | 0 |
| | ശുചിത്വമിഷൻ ഗ്രാന്റ് | 0 | 2251481 | 2251481 | 1647282 | 604199 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി (2) | 0 | 33523734 | 33523734 | 33523734 | 0 |
| | മെറ്റീരിയൽ കോസ്റ്റ് | 0 | 11823069 | 11823069 | 11823069 | 0 |
| | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന വർക്കുള്ള ഇൻസന്റീവ് | | 63000 | 63000 | 63000 | 0 |
| | ഭരണച്ചെലവ് (3) | 1931 | 1063459 | 1065390 | 1044817 | 20573 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 15325 | 0 | 15325 | 0 | 15325 |
| | വിമുക്തി | 11440 | 0 | 11440 | 0 | 11440 |
| | ലൈഫ് സംസ്ഥാനവിഹിതം | 0 | 1150000 | 1150000 | 1150000 | |
| | വിദ്യസഹായ് പ്രോജക്റ്റ്, ഇലക്ഷൻ ചെലവുകൾ, ചലഞ്ച് ഫണ്ട്, തുടങ്ങിയ പ്രത്യേകോദ്ദേശ പദ്ധതികൾക്കായി വന്ന തുകകൾ ഒറ്റ ഹെഡിൽ അക്കൗണ്ട് ചെയ്തത് | 1600000 | 601587 | 2201587 | 2051587 | 150000 |

കുറിപ്പുകൾ

1. ലൈഫ് ഭവനപദ്ധതിക്കായുള്ള KURDFC ലോൺ തിരിച്ചടവ് തുക 2136000 രൂപ, അങ്കണവാടി

വർക്കർമാർക്കുള്ള പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക 1095000 രൂപ എന്നിവ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും 293255 രൂപ വികസനഫണ്ട് എസ്.സി.പി വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് മേൽപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യു ചെലവും 46454620 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 11823069 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

3. വാർഷികധനകാര്യപത്രിക പ്രകാരം എൻ.ആർ.ഇ.ജി.എസ് അഡ്മിൻ വരവിലും ചെലവിലും 100 തൊഴിൽദിനങ്ങൾ പൂർത്തിയായവർക്കുള്ള ഇൻസന്റീവ് 63000 രൂപയും ഉൾപ്പെടുന്നു. .

സർക്കാരിൽ നിന്നും തൻവർഷം ലഭിച്ച പദ്ധതി ഫണ്ടിൽ 9666485/- രൂപ വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 95875844 | 147 | 58933668 | --- | 48 | 75.38 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 8989550 | 6576456 | 73.16 |
| വി.ഇ.ഒ. | 12 | 11 | 22702720 | 9177600 | 40.43 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 7 | 5169160 | 3786554 | 73.25 |
| സെക്രട്ടറി | 33 | 25 | 11035693 | 6738819 | 61.06 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 111 | 80 | 39365302 | 27118364 | 68.89 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 5 | 1811560 | 1617734 | 89.3 |
| മെഡിക്കൽ ഓഫീസർ- | 2 | 2 | 880000 | 877373 | 99.7 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 3202750 | 749284 | 23.4 |
| പ്രധാന അധ്യാപകൻ | 4 | 2 | 769109 | 566484 | 73.65 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 750000 | 750000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 | 1 | 1200000 | 975000 | 81.25 |
| ആകെ | 195 | 147 | 95875844 | 58933668 | 61.47 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളി കളുടെ കൂലി | 0 | 33523734 | 33523734 | 33523734 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 11823069 | 11823069 | 11823069 | 0 |
| 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കുന്നവർക്കുള്ള ഇൻസന്റീവ് | | 63000 | 63000 | 63000 | 0 |
| ഭരണച്ചെലവ് | 1931 | 1063459 | 1065390 | 1044817 | 20573 |
| ആകെ | 1931 | 46473262 | 46475193 | 46454620 | 20573 |

1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 10818900 | 665 |
| വിധവാപെൻഷൻ | 17785900 | 1180 |
| വാർദ്ധക്യകാലപെൻഷൻ | 28868500 | 2029 |
| വികലാംഗപെൻഷൻ | 3919000 | 245 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |
| അവിവാഹിത പെൻഷൻ | 774800 | 53 |

1-7-1 സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ വിതരണം

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈകത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം സാമൂഹ്യസുരക്ഷ പെൻഷനുകൾ അനുവദിയ്ക്കുക എന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ക്ഷേമപെൻഷൻ വിതരണം കുറ്റമറ്റതാക്കുന്നതിനും അനർഹർക്ക് ആനുകൂല്യം നിഷേധിച്ച് അർഹരായവർക്കെല്ലാം പെൻഷൻ ആനുകൂല്യം ലഭ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായും സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പെൻഷൻ വിതരണത്തിൽ അപാകതകൾ നിലനിൽക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ സ.ഉ.(എം.എസ്.)നം.97/2020 ധന. തീയതി 23.09.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ, അതത് പെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, മറ്റ് രേഖകൾ, എന്നിവയും സേവന സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളും ഓഡിറ്റിൽ പരിശോധിച്ചു. പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ ഓഡിറ്റ് അന്വേഷണം നം. 4/18.12.2021 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും സെക്രട്ടറി മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് .

പെൻഷൻ രജിസ്റ്ററുകളുടെയും അപേക്ഷകളുടെയും സൂക്ഷിപ്പ്

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി സൂക്ഷിക്കുന്നുണ്ട്. അപേക്ഷകൾ സീരിയൽ നം ക്രമത്തിൽ സൂക്ഷിക്കുന്നുണ്ട്.

അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നുണ്ടെങ്കിലും അപേക്ഷകളിൻമേൽ അന്വേഷണം നടത്തുന്ന അന്വേഷണോദ്യോഗസ്ഥൻ പെൻഷൻ അനുവദിക്കാവുന്നതാണ്/അല്ല എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചതിന്റെ വിവരങ്ങളോ രേഖകളോ അപേക്ഷയോടൊപ്പം സൂക്ഷിക്കുന്നില്ല. അപേക്ഷകൻ കേന്ദ്ര സംസ്ഥാന സർവ്വീസ് പെൻഷണർ അല്ല, ആദായ നികുതി ഒടുക്കുന്നില്ല, 2 ഏക്കറിൽ കൂടുതൽ ഭൂമി ഇല്ല, തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ലഭ്യമാകുന്നില്ല. മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള അപേക്ഷാഫോമാണ് നിലവിൽ വിതരണം ചെയ്തു വരുന്നതെന്നും ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചു.

അനർഹർക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോയെന്ന വിവരം പരിശോധിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനം ഇല്ല

ജി.ഒ(എം.എസ്)നം.483/17/ധന തിയതി 6.11.17 പ്രകാരം എല്ലാ വർഷവും ഡിസംബർ 31 ന് മുൻപ് പെൻഷൻ ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വിവിധ ഉത്തരവുകളിലൂടെ മസ്റ്ററിംഗിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിയിരുന്നു. മസ്റ്ററിംഗിനു ശേഷം മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാത്തതു മൂലം മരണപ്പെട്ടവർക്കും പെൻഷൻ ട്രാൻസ്ഫർ ചെയ്തു നൽകുന്ന സാഹചര്യം നിലവിലുണ്ട്.

നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യുന്ന രീതിയിലും ഡയറക്റ്റ് ടു ഹോം എന്ന രീതിയിലും രണ്ടു തരത്തിലാണ് ക്ഷേമപെൻഷനുകളുടെ വിതരണം നടത്തുന്നത്. ഈ രണ്ടു രീതികളിലായാലും സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന വ്യക്തികൾ മരണപ്പെടുകയോ മറ്റേതെങ്കിലും സാഹചര്യത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്നുണ്ടോ എന്ന വിവരം മോണിറ്റർ ചെയ്യുവാൻ ഗ്രാമപഞ്ചായത്തിന് കൃത്യവും സുതാര്യവും ആയ ഒരു സംവിധാനം നിലവിലില്ല.

സ.ഉ.(എം.എസ്.)നം 97/2020 ധന. തീയതി തീ 23.09.2020 ഉത്തരവ് പ്രകാരം വിവിധ പെൻഷനുകൾ കൈപ്പറ്റുന്ന വ്യക്തികൾ മരണപ്പെടുകയോ മറ്റേതെങ്കിലും സാഹചര്യത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യം വിലയിരുത്തി നടപടികൾ സ്വീകരിക്കുന്നതിന് വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് ഈ നിർദ്ദേശങ്ങളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. 23.09.2020 ലെ ഉത്തരവിലെ നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സംവിധാനങ്ങളുടെയും സംക്ഷിപ്തവിവരം താഴെ ചേർക്കുന്നു.

(1) ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയോ പുനർവിവാഹം ചെയ്യുന്നവരുടെയോ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരം എല്ലാ മാസവും പരിശോധന നടത്തി അങ്കണവാടി /ആശാവർക്കർമാർ അറിയിക്കുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല.

(2) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഡയറക്റ്റ് ടു ഹോം ആയി പെൻഷൻ സ്വീകരിക്കുന്ന ഗുണഭോക്താക്കൾ തുടർച്ചയായി പെൻഷൻ സ്വീകരിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രമേ ആ വിവരം ബാങ്കുകൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നുള്ളൂ. എന്നാൽ ഇപ്രകാരം ലഭ്യമാക്കുന്ന കത്തിൽ ഗുണഭോക്താവ് മരണപ്പെടുന്ന തീയതി അറിയാൻ കഴിയുന്നില്ല. എന്നാണോ ഇത്തരത്തിൽ കത്ത് ലഭിച്ചത് ആ മാസം മുതൽക്ക് പെൻഷൻ റദ്ദാക്കുന്ന രീതിയാണ് നില നിൽക്കുന്നത്.

(3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും അക്കാര്യം പ്രാദേശിക സർക്കാരുകളെ അറിയിക്കാതെ അനന്തരാവകാശികൾ തുക കൈപ്പറ്റുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ മരണപ്പെട്ട ഗുണഭോക്താവിനെ അടിയന്തിരമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതും അനധികൃതമായി കൈപ്പറ്റിയ തുക അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ഗുണഭോക്താവിന്റെ മരണം നടന്ന മാസത്തിനും പെൻഷൻ സ്വീകരിക്കാതായ മാസത്തിനും ഇടയിലെ മാസത്തിൽ/ മാസങ്ങളിൽ അനർഹർക്ക് പെൻഷൻ വിതരണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള യാതൊരു സംവിധാനവും നിലവിലില്ല. 2019-20, 2020-21 കാലഘട്ടത്തിൽ അക്കൗണ്ടുകളിലേക്ക് മാറ്റിയ പെൻഷൻ തുകകൾ അനർഹർ കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അത്തരം തുക ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കിയിട്ടില്ല.

<u>ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ</u>

പെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്യുമ്പോൾ അതത് മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ട്. കൂടാതെ പെൻഷണറുടെ മരണം ബന്ധുക്കൾ സ്വമേധയാ ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്ന സമയത്തും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനം കത്തിലൂടെ അറിയിക്കുന്ന സമയത്തും പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ട്. അനർഹർ പെൻഷൻ കൈപ്പറ്റാതിരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.


<u>സേവന സോഫ്റ്റ് വെയറിൽ ലഭ്യമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല</u>

സേവനയിൽ നിന്നും ഓരോ മാസവും ഏതെങ്കിലും കാരണത്താൽ പെൻഷൻ തുക കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം Pension Dicrepency List എന്ന പേരിൽ ലഭ്യമാണ്. എന്നാൽ ഓരോ മാസവും ഈ ലിസ്റ്റ് പരിശോധിച്ച് അതത് മാസങ്ങളിൽ തന്നെ പെൻഷൻ കൈപ്പറ്റാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനം കത്തിലൂടെ അറിയിക്കുന്ന സമയത്ത് മാത്രമാണ്


നടപടികൾ സ്വീകരിക്കുന്നത്.

ഡയറക്ട് ടു ഹോം രീതിയിൽ കർഷക തൊഴിലാളി പെൻഷൻ സ്വീകരിച്ചിരുന്ന കമലം W/o അയ്യപ്പൻ, കൊട്ടേക്കാട് , കണ്ണമ്പ്ര എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അവരുടെ പെൻഷൻ ഒക്ടോബർ 2021 ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താവ് അവസാനം മസ്റ്ററിംഗ് നടത്തിയിട്ടുള്ളത് 12.12.2019 ലാണ്. പെൻഷൻ വിതരണം സംബന്ധിക്കുന്ന ഡി.ബി.റ്റി വിവരങ്ങളുടെ വിൻഡോ പരിശോധിച്ചതിൽ ഈ വ്യക്തി അവസാനം പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ളത് 2020 ആഗസ്റ്റ് മാസത്തിലാണ്. ഗുണഭോക്താവ് മരണപ്പെട്ടതായി അറിഞ്ഞ് ഗ്രാമപഞ്ചായത്ത് പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളത് ഒക്ടോബർ 2021ൽ മാത്രമാണ്. 13 മാസങ്ങളിൽ അതായത് സെപ്റ്റംബർ 2021 വരെയും ഇവരുടെ പെൻഷൻ തുകകൾ പ്രാദേശിക സഹകരണസംഘത്തിലേക്ക് കൈമാറപ്പെട്ടിട്ടുണ്ട്. പെൻഷൻ തുക കൈപ്പറ്റാതായതിന്റെ തൊട്ടടുത്ത മാസങ്ങളിലെ Pension Dicrepency List ൽ ഗുണഭോക്താവ് പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്നു വ്യക്തമായിട്ടും തുടരന്വേഷണം നടത്താത്തതിനാൽ 13 മാസങ്ങളിൽ തുടർച്ചയായി പെൻഷൻ തുക പ്രാദേശിക സഹകരണസംഘത്തിന് കൈമാറുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. ഇത്തരത്തിലുള്ള അനവധി കേസുകൾ നിലവിലുണ്ട്.

കമലം എന്ന ഗുണഭോക്താവിന്റെ ഡി.ബി.റ്റി വിവരങ്ങളുടെ വിൻഡോ ചിത്രം താഴെ ചേർക്കുന്നു.


അടിസ്ഥാന വിവരങ്ങൾ

ജില്ല - പ്രാദേശിക സർക്കാർ
:- പാലക്കാട് - :- കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത്
പെൻഷൻ ഇനം - ഉപതരം
:- കർഷക തൊഴിലാളി പെൻഷൻ - :- പ്രത്യേക തരത്തിൽ പെടുന്നില്ല
പെൻഷണർ ഐഡി
108850101474
പെൻഷണറുടെ പേര് (മലയാളം/ഇംഗ്ലീഷ്)
:- കമലം - :- Kamalam
വിഭാഗം
:- പൊതു വിഭാഗം
സ്ത്രീ/പുരുഷൻ
:- സ്ത്രീ
വയസ്/ജനന തീയതി
:- 01/01/1951 (70വയസ്)
വിലാസം (മലയാളം/ഇംഗ്ലീഷ്)
:- W/O അയ്യപ്പൻ,2/.,.,കൊട്ടേക്കാട്, .,കണ്ണമ്പ്ര P. O, 678686 - ,W/O Ayyappan,2/.,.,Kottekkad, .,Kannambra P. O, 678686
വാർഡിന്റെ നമ്പർ/പേര്
:- 15-കല്ലേരി
അപേക്ഷ നമ്പർ/തീയതി
:- 1630- 27/11/2012
കൌൺസിൽ/കമ്മിറ്റി നമ്പർ/തീയതി
:- 7- 25/07/2013


പൊതുവായ വിവരങ്ങൾ

പ്രതിമാസ പെൻഷൻ തുക
₹ 1600
അക്കൗണ്ട് മോഡ് സിഡിഎസ്-സർവ്വേ
:- ഡയറക്റ്റ് റ്റു ഹോം
ബാങ്ക്/പോസ്റ്റ് ഓഫീസിന്റെ പേര്
അക്കൗണ്ട് നമ്പർ [IFSC/eMO Code]
ആധാർ നമ്പർ/വെർച്വൽ ഐഡി
748277910737
ആധാർ ഓതന്റിക്കേഷൻ സ്റ്റാറ്റസ്
:- ഓതന്റിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല
മസ്റ്ററിംഗ് / ലൈഫ് സർട്ടിഫിക്കറ്റ് സ്റ്റാറ്റസ്
:- ഇ മസ്റ്റർ ചെയ്തിട്ടുണ്ട് (12/12/2019)
പുനർ/വിവാഹിത അല്ല സർട്ടിഫിക്കറ്റ് സ്റ്റാറ്റസ്
:- ബാധകമല്ല
ഇലക്ട്രൽ കാർഡ് നമ്പർ
:- രേഖപ്പെടുത്തിയിട്ടില്ല
റേഷൻ കാർഡ് നമ്പർ
:- രേഖപ്പെടുത്തിയിട്ടില്ല
മൊബൈൽ നമ്പർ
:- രേഖപ്പെടുത്തിയിട്ടില്ല
പെൻഷൻ വിതരണം തുടങ്ങിയ മാസം

:- Jul-2013

പ്രാദേശിക സർക്കാർ അവസാനമായി വിതരണം നടത്തിയ മാസം

:- Nov-2014

സ്റ്റാറ്റസ്

:- സസ്പെൻഡ് - ഫയൽ നടപടി വിവരണം

ഡിജിറ്റൽ സൈൻ സ്റ്റാറ്റസ്

:- ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ട്

Last Updated Date:- 11/10/2021

മറ്റുള്ള വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക ☐

അറ്റാച്ച്മെന്റ് വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക ☐

ഡിബിറ്റി വിതരണം സംബന്ധിച്ച വിവരങ്ങൾക്ക് ഇവിടെ സെലക്ട് ചെയ്യുക ☑

ഡിബിറ്റി വിതരണം സംബന്ധിച്ച വിശദമായ വിവരങ്ങൾക്ക് ഡിബിറ്റി റഫറൻസ് നമ്പറിൽ ക്ലിക്ക് ചെയ്യുക.

| ക്രമ നം | ഡിബിറ്റി റെഫറൻസ് നം | വിതരണം നടത്തിയ മാസം | ബാങ്ക്/പോസ്റ്റ് ഓഫീസിന്റെ പേര് | അക്കൗണ്ട് നം [IFSC/eMO Code] | തുക | സ്റ്റാറ്റസ് | ബാങ്ക്/ പോസ്റ്റ് ഓഫീസ് റിമാർക |
|---|---|---|---|---|---|---|---|
| 1 | 201501004 | April-2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക ബാങ്കിന് കയ്മാറി | |
| 2 | 201501005 | Feb,Mar,May 2015 | CORPORATION BANK | 010502101000555 (CORP0000105) | 1800 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 3 | 201501010 | June - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | SUCCE |
| 4 | 201501011 | July - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | SUCCE |
| 5 | 201501012 | August - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 6 | 201501018 | September - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 7 | 201501019 | Oct,November - 2015 | CORPORATION BANK | 010502101000555 (CORP0000105) | 1200 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | succes |
| 8 | 201501020 | December - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 9 | 201501022 | January - 2016 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 10 | 201501023 | January - 2015 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 11 | 201501024 | February - 2016 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 12 | 201501025 | March - 2016 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 13 | 201601001 | April - 2016 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 14 | 201601005 | May - 2016 | CORPORATION BANK | 010502101000555 (CORP0000105) | 600 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 15 | 201601006 | June - 2016 | CORPORATION BANK | 010502101000555 (CORP0000105) | 1000 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | Succes |
| 16 | 201601009 | Arrear ,July,Aug,Sept - 2016 | ഡയറക്റ്റ് ടു ഹോം | | 3600 | തുക കൈപറ്റി | Succes |
| 17 | 201601013 | Oct,Nov,December - 2016 | ഡയറക്റ്റ് ടു ഹോം | | 3000 | തുക കൈപറ്റി | Succes |
| 18 | 201701001 | Jan-Feb-March-2017 | ഡയറക്റ്റ് ടു ഹോം | | 3000 | തുക കൈപറ്റി | Succes |
| 19 | 201701002 | April - 2017 | ഡയറക്റ്റ് ടു ഹോം | | 1100 | തുക കൈപറ്റി | Succes |
| 20 | 201701003 | May,June,July,August - 2017 | ഡയറക്റ്റ് ടു ഹോം | | 4400 | തുക കൈപറ്റി | Succes |
| 21 | 201701005 | september,October,November - 2017 | ഡയറക്റ്റ് ടു ഹോം | | 3300 | തുക കൈപറ്റി | Succes |
| 22 | 201801001 | december-2017,january,february,March-2018 | ഡയറക്റ്റ് ടു ഹോം | | 4400 | തുക കൈപറ്റി | Succes |
| 23 | 201801002 | April,May,June,July-2018 | ഡയറക്റ്റ് ടു ഹോം | | 4400 | തുക കൈപറ്റി | Succes |
| 24 | 201801006 | August,Sept,October,November-2018 | ഡയറക്റ്റ് ടു ഹോം | | 4400 | തുക കൈപറ്റി | Succes |
| 25 | 201801007 | Dec-2018,Jan,Feb,Mar,April-2019 | ഡയറക്റ്റ് ടു ഹോം | | 5600 | തുക കൈപറ്റി | Succes |
| 26 | 201901001 | May,June,July-2019 | ഡയറക്റ്റ് ടു ഹോം | | 3600 | തുക കൈപറ്റി | Succes |
| 27 | 201901003 | August,September-2019 | ഡയറക്റ്റ് ടു ഹോം | | 2400 | തുക കൈപറ്റി | Succes |
| 28 | 201901005 | October,November-2019 | ഡയറക്റ്റ് ടു ഹോം | | 2400 | തുക കൈപറ്റി | Succes |
| 29 | 202001001 | Dec-2019,Jan,feb,March,April-2020 | ഡയറക്റ്റ് ടു ഹോം | | 6100 | തുക കൈപറ്റി | Succes |
| 30 | 202001003 | May,June-2020 | ഡയറക്റ്റ് ടു ഹോം | | 2600 | തുക കൈപറ്റി | Succes |

| | | | | | | | |
|---|---|---|---|---|---|---|---|
| 31 | 202001004 | july,August-2020 | ഡയറക്റ്റ് റ്റു ഹോം | | 2600 | തുക കൈപറ്റി | Succes |
| 32 | 202001005 | September-2020 | ഡയറക്റ്റ് റ്റു ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 33 | 202001006 | October-2020 | ഡയറക്റ്റ് റ്റു ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 34 | 202001008 | November-2020 | ഡയറക്റ്റ് റ്റു ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 35 | 202001009 | Decenber-2020 | ഡയറക്റ്റ് റ്റു ഹോം | | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 36 | 202001010 | January-2021 | ഡയറക്റ്റ് റ്റു ഹോം | | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 37 | 202001011 | February-2021 | ഡയറക്റ്റ് റ്റു ഹോം | | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 38 | 202001012 | March-2021 | ഡയറക്റ്റ് റ്റു ഹോം | | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 39 | 202001013 | April-2021 | ഡയറക്റ്റ് റ്റു ഹോം | | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 40 | 202101001 | May-2021 | ഡയറക്റ്റ് റ്റു ഹോം | | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 41 | 202101002 | June-2021 | ഡയറക്റ്റ് റ്റു ഹോം | | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |
| 42 | 202101004 | July-2021 | ഡയറക്റ്റ് റ്റു ഹോം | | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceas |

പെൻഷൻ തുക കൈപ്പറ്റാത്ത ആദ്യമാസം മുതൽ പെൻഷൻ സസ്പെൻഡ് ചെയ്ത മാസം വരെ ബാങ്കുകളിലേക്ക് വിതരണം ചെയ്ത പെൻഷൻ തുക സഹകരണ സ്ഥാപനങ്ങളോ ഗുണഭോക്താക്കൾ അക്കൗണ്ട് സൂക്ഷിക്കുന്ന ബാങ്കുകളോ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടോ എന്ന് ഗ്രാമപഞ്ചയാത്ത് തുടരന്വേഷണം നടത്തുന്നില്ല. കൂടാതെ ഗുണഭോക്താവിന്റെ മരണം നടന്ന മാസത്തിനും പെൻഷൻ സ്വീകരിക്കാതായ മാസത്തിനും ഇടയിലെ മാസത്തിൽ/ മാസങ്ങളിൽ അനർഹർക്ക് പെൻഷൻ വിതരണം നടന്നിട്ടുണ്ടോ എന്നും പരിശോധിക്കുന്നില്ല.

ഓരോ മാസത്തെയും Pension Dicrepency List മസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തതിനാൽ/ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ /ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ പെൻഷൻ വിതരണം മുടങ്ങിയ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാണ്. എന്നാൽ ഇവരുടെ പെൻഷൻ വിതരണത്തിന്റെ വിശദാംശങ്ങൾ സേവനയിൽ നിന്നും പരിശോധിക്കുമ്പോൾ ഏതാനും ഗുണഭോക്താക്കൾ മാസങ്ങളോളം പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. മാസങ്ങളോളം പെൻഷൻ വിതരണം നടക്കാത്തത് അല്ലെങ്കിൽ തടഞ്ഞു വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടും തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ വളരെക്കാലം ഒരു ഗുണഭോക്താവിന് അർഹമായ തുക ലഭ്യമാകാത്ത സ്ഥിതിവിശേഷവും ഉണ്ടാകുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ മരണവിവരം രജിസ്റ്റർ ചെയ്യുമ്പോൾ പെൻഷൻ ഐ.ഡി കൂടി നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കിയിരുന്ന രീതി പുനസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. മരണം ഏത് തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടാലും മരണപ്പെട്ട വ്യക്തി പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആയത് അതത് തദ്ദേശസ്ഥാപനത്തെ കൂടി അറിയിക്കുന്നതിനുള്ള വകുപ്പ് തല നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കാതിരിക്കുന്നതാണ് മേൽപ്രകാരമുള്ള അപാകതകൾക്ക് കാരണമായിട്ടുള്ളത്. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

4. സേവനയിൽ നിലവിൽ ലഭ്യമായ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. അതത് മാസം പെൻഷൻ വിവിധ കാരണങ്ങളാൽ കൈപ്പറ്റുന്നതിന് സാധിക്കാത്തവരുടെ വിശദവിവരം

അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ യഥാസമയം സ്വീകരിക്കുന്നതിന് സംവിധാനം ഉണ്ടാകേണ്ടതാണ്.

5. വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ ആയി ആധാർ അധിഷ്ഠിതമായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-12-2021-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 26,183/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥന്മാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മുഴുവൻ ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെയും ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഉപയോഗിക്കാത്ത രശീതികൾ ക്യാൻസിൽ ചെയ്ത് കാരണം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ തനതു ഫണ്ട് സാമ്പത്തിക സ്ഥിതി കൂടി വിലയിരുത്തി ആവിഷ്ക്കരിക്കേണ്ടതാണ്.

വിവിധ പെൻഷനുകൾ കൈപ്പറ്റുന്ന വ്യക്തികൾ മരണപ്പെടുകയോ മറ്റേതെങ്കിലും സാഹചര്യത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്യുന്ന സാഹചര്യം വിലയിരുത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2020-21 വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹9666485/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു.

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പദ്ധതികൾ നടപ്പിലാക്കാത്തതു വഴി പദ്ധതി പണം നഷ്ടമാവുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണ സമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 11/2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ടെങ്കിലും മാർച്ച് 2021 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2007-08 വരെയുള്ള കണക്കുകളാണ് അവസാനം പരിശോധിച്ചത്. ഓഡിറ്റ് റിപ്പോർട്ട് 04.08.2008 ൽ ലഭ്യമായിട്ടുണ്ട്. നിലവിൽ ഈ റിപ്പോർട്ടിന്റെ എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട്. ഗുരുതരമായ അപാകതകളൊന്നും ഇല്ല.

1-11 രസീതി പരിശോധന – കണ്ടെത്തലുകൾ

2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രസീതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

I. KTC Vol I ആർട്ടിക്കിൾ(92 ബി) കുറിപ്പ്-2 പ്രകാരം രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ രസീതി പുസ്തകം നമ്പർ 14097 എന്ന രസീതി പുസ്തകത്തിൽ "സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്" രേഖപ്പെടുത്തിയിട്ടില്ല.

2. രസീതി പുസ്തകം നമ്പർ 14094 ലെ 43/ 14094 രശീതി മുതൽ 100/ 14094 വരെ രസീതി പുസ്തകം നമ്പർ 14098ൽ 69മുതൽ 100 വരെയുള്ള രശീതികൾ, രസീതി പുസ്തകം നമ്പർ 5251 ൽ 7 മുതൽ 100 വരെ, രസീതി പുസ്തകം 5252 -ൽ 26 മുതൽ 100 വരെ രരശീതികൾ ഉപയോഗിക്കാത്തതിൽ ക്യാൻസിൽ ചെയ്യുകയോ കാരണം രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കാരണം ലഭ്യമാ ക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസിഷൻ 1 – 16/12/2021 ന് 14097 രസീതി പുസ്തകത്തിൽ "സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് " രേഖപ്പെടുത്തി ഹാജരാക്കി . 43/ 14094 രശീതി മുതൽ 100/ 14094 വരെ, 14098ൽ 69മുതൽ 100 വരെയുള്ള രശീതികൾ , രസീതി പുസ്തകം നമ്പർ 5251 ൽ 7 മുതൽ 100 വരെ, രസീതി പുസ്തകം 5252 -ൽ 26 മുതൽ 100 വരെയുള്ള രശീതികൾ ഉപയോഗിക്കാത്തതിൽ ക്യാൻസിൽ ചെയ്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കി .

ഭാവിയിൽ ഇത്തരം അപാകത വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

1-12 വസ്തു നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013 ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ നികുതിദായകർക്ക് 1-4-2013 മുതൽക്കാണ് പുതുക്കിയ നിരക്ക് ബാധകമാക്കിയത്. ചട്ടങ്ങൾ പ്രകാരം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പുതിയ ഉപയോഗക്രമങ്ങൾക്കുള്ള നികുതി നിർണ്ണയ വിജ്ഞാപനങ്ങൾ പ്രകാരമുള്ള അടിസ്ഥാന നികുതി നിരക്ക് അതത് സ്ഥാപനങ്ങൾ നിശ്ചയിച്ച് പഞ്ചായത്ത് തീരുമാനം എടുത്ത് സഞ്ചയയിൽ ചേർക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കെട്ടിടങ്ങളുടെ നികുതി തെറ്റായി നിർണ്ണയിക്കുന്നതിനിടയാക്കുന്നതാണ്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1-12-1 റസിഡൻഷ്യൽ ഹോം സ്റ്റേകൾക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചില്ല

സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറഞ്ഞത് 10 രൂപയും കൂടിയ നിരക്ക് 25 രൂപയായും സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഓഡിറ്റ് അന്വേഷണം നം. 3/18.12.2021 ന് വിജ്ഞാപന പ്രകാരമുള്ള റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കുള്ള നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-2 എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015) പ്രകാരം എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയതും കുറഞ്ഞതുമായ വസ്തു നികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരമുള്ള നിരക്ക നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായി ഉദ്യോഗ് ആധാർ മെമ്മോറാണ്ടമോ, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ, ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നുള്ള രേഖകൾ പരിശോധിച്ച് അവ യഥാർത്ഥ എം.എസ്.എം.ഇ-കൾ തന്നെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

എം.എസ്.എം.ഇകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട വസ്തു നികുതി നിർണ്ണയിച്ച് എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
ഓഡിറ്റ് റിക്വസിഷൻ 3/18-12-21 ന്ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

1-12-3 പുതിയതായി നിർമ്മിക്കപ്പെടുന്ന എം.എസ്.എം.ഇ കളുടെ വസ്തു നികുതി ഉറപ്പാക്കേണ്ടതാണ്..

പുതിയതായി നിർമ്മിക്കപ്പെട്ട എം.എസ്.എം.ഇ കളുടെ കാര്യത്തിൽ 2019 ലെ കേരള എം.എസ്.എം.ഇ ഫെസിലിറ്റേഷൻ ആക്റ്റ് പ്രകാരം നോഡൽ ഏജൻസിക്ക് അപേക്ഷ സമർപ്പിച്ച് കൈപ്പറ്റ സാക്ഷ്യപത്രം ലഭ്യമാക്കുകയാണെങ്കിൽ വിവിധ അനുമതികളിൽ നിന്നും പരിശോധനകളിൽ നിന്നും മൂന്ന വർഷം വരെ അവയെ ഒഴിവാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ്, ലൈസൻസ് എന്നിവയിൽ നിന്നും ഇതനുസരിച്ചുള്ള ഒഴിവ് ലഭിക്കുന്നതാണ്. വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തനം ആരിഭിച്ചിട്ടുണ്ടെങ്കിൽ നിയമാനുസൃതം ലഭിക്കേണ്ട നികുതികൾ നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

1-12-4 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷവും വസ്തു നികുതി ഡാറ്റയിൽ അപാകതകൾ നിലനിൽക്കുന്നു

27.04.2015-ലെ സ.ഉ(എം.എസ്)നം.144/2015/തസ്വഭവ പ്രകാരം വസ്തുനികുതി വർദ്ധനവ് 100 ശതമാനമായി പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച മീ) | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 4/3 | ഗോഡൗൺ | 189 | 4085 |
| 2 | 5/255 | മിൽക്ക് സൊസൈറ്റി ഷോപ്പ് | 158 | 1704 |

| | | | | |
|---|---|---|---|---|
| 3 | 7/108 | ഗോഡൗൺ | 126 | 5143 |
| 4 | 12/156 | ഗോഡൗൺ | 120 | 343 |
| 5 | 12/489 | ഗോഡൗൺ | 117 | 70 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നതിന് വിശദീകരണം നല്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസിഷൻ 3/18-12-21 ന് പുനർക്രമീകരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ തിരുത്തൽ വരുത്തിയതായി അറിയിച്ചിട്ടുണ്ട്.

## 1-12-5 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

| | |
|---|---|
| കെട്ടിട നം. | 5/728 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | രാമചന്ദ്രൻ, S/o.പാപ്പ, കൊളയക്കാട് വീട്, മണപ്പാടം |
| വിസ്തീർണ്ണം | 145.98ച. മീ (ഷോപ്പ്) |
| നിലവിലെ നികുതി നിർണ്ണയം | 145.98*40= 5839.2<br>വർദ്ധനവ് (വഴിസൗകര്യം)- 20% - 1167.84<br>ബഹു നില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 5% -350.4<br>BT- 6658<br>LC- 333<br>Total- 6991 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 145.98*60 = 8758.8<br>വർദ്ധനവ് (വഴിസൗകര്യം)- 20% -1751.76<br>ബഹു നില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 5% - 525.5<br>BT- 9985.06<br>LC- 499.25<br>Total- 10484.31 |
| പ്രതിവർഷ നഷ്ടം | 10484.31-6991=3493രൂ |

തുക കുറവായി ഈടാക്കിയത് ശ്രദ്ധയിൽപെടുത്തിയ ഓഡിറ്റ് റിക്വസിഷൻ നം.3/18.12.2021ന് 5/728 നമ്പർ കെട്ടിടത്തിന്റെ കെട്ടിട നികുതി പുനർനിർണ്ണിച്ച് നല്കുകയും ആയതു പ്രകാരമുള്ള കുടിശ്ശിക 5243/- രൂപ സാംഖ്യ രശീതി നമ്പർ 121120102349 തീയതി 23.12.21 പ്രകാരം അടവാക്കിയിട്ടുണ്ട്.

1-12-6 ഒരു യൂണിറ്റായി കണക്കാക്കേണ്ട വാണിജ്യ സ്ഥാപനത്തിന്റെ അതിർത്തി കൃത്യത വരുത്താതെ നമ്പർ അനുവദിച്ചു.

കണ്ണമ്പ്ര വില്ലേജ് 2 ൽ റീ സർവ്വേ നമ്പർ 267/17 ൽ ഉൾപ്പെട്ട 4.04 വിസ്തീർണ്ണമുള്ള സ്ഥലത്ത് ഉണ്ണികൃഷ്ണൻ S/o.രാജൻ , രാജ് ഭവൻ , മഞ്ഞപ്ര എന്നയാൾക്ക് (3 കടമുറികൾക്ക്) വാണിജ്യാവശത്തിനായി 52.3 ച.മീ കെട്ടിട നിർമ്മാണത്തിനായി എ3-ബി.എ(179139)2018 നമ്പർ പ്രകാരം 4/07/2018 ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കടമുറികളുടെ പണിപൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 4.9.2020 ന് ടിയാൻ കംപ്ലീഷൻ പ്ലാൻ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കെട്ടിട നമ്പറിനായുള്ള അപേക്ഷയുടെ ഫയൽ (നമ്പർ എ3-3173/20) പരിശോധനയിൽ ആകെ 158.36 ച.മീ ഉള്ള 7 കടമുറികൾ നിർമ്മിച്ചിട്ടുള്ളതായി കണ്ടെത്തി. ക്രമവത്കരണ ഫീസായി 106.06x10x2=2121 രൂപ ഈടാക്കുകയും റൂം 1 ഒഴികെയുള്ള ബാക്കി 6 കടമുറികൾക്ക് യഥാക്രമം 5/706 മുതൽ 5/711 വരെയുള്ള കെട്ടിട നമ്പർ 9/10/2020 ന് അനുവദിച്ചിട്ടുമുണ്ട്. PWD റോഡിനോട് ചേർന്നുവരുന്ന പ്രസ്തുത സ്ഥലത്തിന്റെ അതിർത്തിയിൽ അവ്യക്തത ഉള്ളതിനാൽ ആയത് നിർണ്ണയിച്ച് നല്കുന്നതിനായി താഹസിൽദാർക്ക് എ3/3173/20 തീയതി 22/09/2020 നമ്പർ പ്രകാരം സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ആയതിനുള്ള മറുപടി ഫയലിൽ ലഭ്യമല്ല.

ഒരു ഉടമസ്ഥന്റെ തന്നെ ഒറ്റ യൂണിറ്റായ കെട്ടിടത്തിന്റെ അതിർത്തിയിലെ അവ്യക്തത പരിഹരിക്കാതെ ഭാഗികമായി കെട്ടിട നമ്പർ അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 3/18.12.2021 ന് ബന്ധപ്പെട്ട കെട്ടിടം എ.ഇ/ഓവർസീയർ പരിശോധിച്ച് KPBR ചട്ടങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തിയാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സെക്രട്ടറി പരിശോധിച്ചതിൽ സെറ്റ് ബാക്ക് സംബന്ധിച്ച് സംശയം തോന്നിയതിനാൽ ഉടമസ്ഥന് കത്ത് നല്കുകയും ദൂരപരിധി സംബന്ധിച്ച് സംശയം തോന്നിയ കെട്ടിടമുറിയുടെ നമ്പർ അനുവദിക്കയുണ്ടായില്ല. ശേഷം കെട്ടിട ഉടമസ്ഥൻ ഹാജരാക്കിയ സർവ്വേ റിപ്പോർട്ട് പരിശോധിച്ച് നേരിട്ട് സ്ഥലം പരിശോധിച്ച് ബോധ്യപ്പെട്ടതിന്റ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിക്കാൻ തീരുമാനിച്ചെങ്കിലും ആയത് അനുവദിക്കാൻ വിട്ടുപോയതായും, ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഭാഗത്തിന് നമ്പർ അനുവദിച്ച് നികുതി കുടിശ്ശികയായി ഈടാക്കുന്നതാണ് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

ഫയൽ കൃത്യമാക്കി നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-7 നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങലുടെയും വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച 8 കെട്ടിടങ്ങളാണ് ഉള്ളത് . ( പാർപ്പിടാവശ്യം 8). നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 96 കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനായി യു.എ നമ്പർ നല്കിയിട്ടുണ്ട് (വീടിന്റെ തരം - 33 ഓല വീടുകൾ,32 ഷീറ്റ് വീടുകൾ, 7 ഓട് വീടുകൾ , 24 കോൺക്രീറ്റ് വീടുകൾ) . 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്.

ഓല വീട് ഒഴികെയുള്ള അനധികൃത കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കാത്തതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/18.12.21)ഓഡിറ്റ് നിർദ്ദേശം

പാലിക്കുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു.

യു.എ നമ്പർ അനുവദിച്ചതും നിലവിലുള്ളതുമായ മുഴുവൻ കെട്ടിടങ്ങളുടെയും വിവരം സഞ്ചയ സോഫ്റ്റവെയർ ഉൾപ്പെടുത്തേണ്ടതും നികുതി ഈടാക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-8 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാറിനെ അറിയിക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോളും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഉൾപ്പടെയുള്ള വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം 3/18.12.21ന് ആയതിൻ മേൽ തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ കെ.പി.ബി.ആർ, 2019 ലെ ചട്ടം 89, 90, 91 എന്നിവ അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതും സർക്കാറിലേക്ക് കൃത്യമായി റിപ്പോർട്ട് നൽകേണ്ടതുമാണ്.

### 1-13 തൊഴിൽ നികതി പരിശോധനയിൽ മേലുള്ള കണ്ടെത്തലുകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-2020 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | പട്ടിക ജാതി സഹകരണ സംഘം, കണ്ണമ്പ്ര | 1 & 2ാം അർദ്ധവർഷം |
| 2 | ഖാദി വ്യവസായ യൂണിറ്റ്, മേക്കുന്ന് | 1 & 2ാം അർദ്ധവർഷം |

മേൽ വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വസിഷൻ 8 / 24.12.2021ന് ലഭ്യമാക്കിയ മറുപടിയിൽ പട്ടിക ജാതി സഹകരണ സംഘം കണ്ണമ്പ്ര, ഖാദി വ്യവസായ യൂണിറ്റ്, മേക്കുന്ന് എന്നീ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിന് അവർ സമർപ്പിച്ച റിട്ടേൺ/ കത്ത് പ്രകാരം ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടാതിരുന്നതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നത് എന്ന് അറിയിച്ചിരിക്കുന്നത്.

തൊഴിൽ നികുതി റിട്ടേൺ പ്രകാരം തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ഈ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേൺ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്

### 1-13-2 റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കണ്ണന്ത്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത നലകിയ ഓഡിറ്റ് റിക്വസിഷൻ 8/24.12.2021 ന് 9 റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് .

തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

### 1-14 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. കണ്ണന്ത്ര ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല. കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 9/22.12.2021 ന് വ്യവസായ/ഫാക്ടറി/ വ്യാപാരസംരംഭകത്വ/ മറ്റ് സേവനങ്ങൾ എന്നിവയുടെ അപേക്ഷ ഫോമിൽ തന്നെ അപേക്ഷകന്റെ സത്യപ്രസ്താവന പ്രിന്റ് ചെയ്ത് നല്കിയിട്ടുണ്ട്. ആയതിനാലാണ് പ്രത്യേക സത്യവാങ്മൂലം വാങ്ങാതിരുന്നത് എന്ന മറുപടി ലഭ്യയമാക്കിയിട്ടുള്ളത്.

ക്ലിയറൻസ് ആവശ്യമായ വ്യാപാര സംരംഭകങ്ങളുടെ ലൈസൻസ് പുതുക്കൽ അപേക്ഷയോടൊപ്പം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

### 1-15 സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതി ചെലവ് പരിശോധിച്ചതിൽ നിന്നും തനത് ഫണ്ട് വകയിരുത്തിയാണ് പദ്ധതികളുടെ അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി.

2020-21 ൽ എല്ലാ ഫണ്ടിനങ്ങളിൽ നിന്നും പദ്ധതികൾക്ക് ആകെ ₹95875844 വകയിരുത്തിയിട്ടുള്ളതിൽ ₹6244908 തനത് ഫണ്ടാണ്. പദ്ധതി ചെലവ് 58933668 രൂപയിൽ 6% ശതമാനം- 3543087രൂപ- തനത് ഫണ്ടിൽ നിന്നുമാണ്.

2020-21ൽ തനതു ഫണ്ട് മുന്നിരിപ്പ് ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ ₹18131830/- മാത്രമാണുള്ളത്. ഇതിൽ 2019-20 ബാലൻസ് ഷീറ്റ് B-4ൽ ഉൾപ്പെട്ട ₹2890938/- ഉം ഉൾപ്പെടുന്നു. തനതു ഫണ്ട് യഥാർത്ഥ ബാലൻസ് തുക ₹15240892/- ആണ്. തനത് ഫണ്ടിന്റെ സാമ്പത്തികസ്ഥിതി അത്ര ആശാവഹം അല്ലാത്തപ്പോഴും തനത് ഫണ്ടിൽ നിന്നും വലിയ രീതിയിൽ പദ്ധതികൾക്കായി ചെലവഴിച്ചതായി കാണുന്നു.

KPRA 1994 സെക്ഷൻ 213ൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് എന്തിനെല്ലാമാവാമെന്ന് നിർദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.1 ൽ പ്രൊജക്ടുകളുടെ വിഭവസമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ക്രമനമ്പർ 3 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതുആവശ്യ ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക മാത്രമെ തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.

ചട്ടങ്ങളിൽ നിർദേശിച്ചതിൽ നിന്നും വ്യതിചലിച്ച് തുക വകയിരുത്തി ചെലവഴിച്ചതിന്

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.23/27.12.2021ന് കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ മുൻകാലങ്ങളിലൊന്നും തന്നെ തനതു ഫണ്ടിൽ നിന്ന് വലിയ തോതിൽ തുക വകയിരുത്തൽ നടത്താറില്ല. പഞ്ചായത്തിന് ലഭ്യമാകുന്ന ബജറ്റ് വിഹിതം ഉപയോഗിച്ച് വാർഷിക പദ്ധതി കാലേക്കൂട്ടി തയ്യാറാക്കി വരുന്നു. പിന്നീട് വാർഷിക പദ്ധതി അന്തിമമാക്കുന്ന വേളയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ നയപരമായ പദ്ധതികളായ സുഭിക്ഷ കേരളം പദ്ധതി, ജലജീവൻ പദ്ധതി, പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പി.എച്ച്.സി., എഫ്.എച്ച്.സി. ആക്കിയപ്പോൾ കൂടുതൽ സ്റ്റാഫിനെ കണ്ടെത്തുന്നതിനും കുടിവെള്ളം, സ്ട്രീറ്റ് ലൈറ്റ് എന്നീ മേഖലയിലുള്ള ചെലവുകൾക്കും ഫണ്ടുകൾ ആവശ്യമായി വന്നപ്പോൾ മറ്റ് ഫണ്ടുകളൊന്നും ലഭ്യമാവാത്ത സാഹചര്യത്തിൽ തനതു ഫണ്ട് വകയിരുത്തേണ്ടി വന്നു. എന്നിരുന്നാലും പഞ്ചായത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കുള്ള തുക ഉണ്ടെന്ന് ഉറപ്പു വരുത്തി മാത്രമേ തനതു ഫണ്ട് ചെലവ് നടത്താറുള്ളൂ. എന്നിരുന്നാലും തുടർന്നുള്ള വർഷങ്ങളിൽ തനതു ഫണ്ട് സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമേ പദ്ധതികൾക്കായി വകയിരുത്തുകയുള്ളൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 തെരുവുവിളക്കുകൾ വാങ്ങൽ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ, പ്രവർത്തി മോണിറ്റർ ചെയ്തിട്ടില്ല

തെരുവുവിളക്കുകളും അനുബന്ധസാമഗ്രികളും GEM മുഖേനയും അല്ലാതെയും വാങ്ങി സ്റ്റോക്ക് ചെയ്യുകയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്ന കരാറുകാരന് ആവശ്യാനുസരണം നൽകുകയും ചെയ്യുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് തുടർന്നു വരുന്നത്. ഇത്തരത്തിൽ ഉപകരണങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യുമ്പോൾ ഇവയുടെ സ്റ്റോക്ക് വിവരങ്ങൾ, വിതരണം ഇവ കൃത്യമാക്കി സൂക്ഷിക്കുന്നുണ്ടെന്നുള്ളത് ഉറപ്പു വരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ

ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നൽകുന്നില്ല. 2019-20 വർഷത്തിൽ വാങ്ങുന്ന സാമഗ്രികൾ ഒന്നിച്ച് സ്റ്റോക്കിലെടുക്കുകയും പിന്നീട് വിതരണം ചെയ്യുന്നവ ഒന്നായി വിതരണം കാണിക്കുകയുമാണ് ചെയ്യുന്നത്. 2020-21 ൽ ഓരോ ഇനത്തിനും വെവ്വേറെ പേജുകൾ നൽകിയിട്ടുണ്ടെങ്കിലും ലഭിച്ചത്, കൊടുത്തത്, നീക്കിബാക്കി, കൈപ്പറ്റിയ ആളിന്റെ ഒപ്പ് തുടങ്ങിയ വിവരങ്ങൾ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

സ്റ്റോക്കിന്റെ വർഷാന്ത്യമൂല്യം കണക്കാക്കുന്നില്ല

സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. വർഷാന്ത്യമൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)

അറ്റകുറ്റപ്പണികൾ നടത്തി LED മാറ്റി സ്ഥാപിച്ച പോസ്റ്റുകളിൽ കെ .എസ്.ഇ.ബിയുടെ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം ബൾബുകൾ ഇല്ല

പ്രോജക്ട് നം.19/21 പ്രകാരം ആകെ 246945 രൂപ LED ബൾബുകളുടെ അറ്റകുറ്റപ്പണികൾക്കായി

കരാറുകാരന് നൽകിയിട്ടുണ്ട് (Inv. No 264/20.11.20, Inv. No. 267/5.03.21). വിവിധ വാർഡുകളിലായി ആകെ 1703 ബൾബുകൾ റിപ്പയർ ചെയ്ത് മാറ്റി സ്ഥാപിച്ചതായി അതത് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുമുണ്ട്. എന്നാൽ നിലാവ് പദ്ധതിക്ക വേണ്ടി കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം കരാറുകാരൻ റിപ്പയർ ചെയ്ത് മാറ്റി സ്ഥാപിച്ചതായി പറയുന്ന ഏതാനും പോസ്റ്റുകളിൽ ബൾബുകൾ നിലവിലില്ല എന്നും ട്യൂബ് എന്നുമാണ് കാണുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | വാർഡ് | പോസ്റ്റ് നം | നിലാവ് പരിശോധനാ റിപ്പോർട്ട് പ്രകാരം നിലവിലുള്ള ബൾബിന്റെ തരം |
|---|---|---|---|
| 12.02.21 | 8 | VKKM-11-14 | ട്യൂബ് |
| 09.02.21 | 1 | PU10134 | ട്യൂബ് |
| 07.02.21 | 2 | PUAR 48 | |
| 09.02.21 | 3 | PUVL-35 | ബൾബ് നിലവിലില്ല. പുതിയത് ഇടണം |
| | | PUVL-34 | |
| | | PUVL-29 | |
| | | PUVL-27 | |
| | | PUVL-10 | |
| 08.02.21 | 9 | VRA-16/20 | ട്യൂബ് |
| | | VRA16/17 | |
| | | VRA16/14 | |
| 15.02.21 | 10 | PUPV 190-4 | ട്യൂബ് |
| | | PUPV 190-5 | ബൾബ് നിലവിലില്ല. പുതിയത് ഇടണം |
| | | PUPV 190-2 | |

ഈ വിഷയം ഓഡിറ്റ് അന്വേഷണം നം. 6/21.12.21 പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. നിലാവ് പദ്ധതിയുടെ ഭാഗമായി എൽ.ഇ.ഡി ബൾബുകൾ ഇല്ലാത്ത പോസ്റ്റുകളുടെ എണ്ണം നിർണ്ണയിക്കുന്ന സമയത്ത് ഏതാനും പോസ്റ്റുകളുടെ നമ്പറുകൾ ലഭ്യമായിരുന്നില്ലെന്നും ഇലക്ഷൻ പ്രചാരണത്തിന്റെ ഭാഗമായി പോസ്റ്റുകളിൽ പെയിന്റും തോരണങ്ങളും ഉപയോഗിച്ചത് മൂലം നമ്പറുകൾ തിരിച്ചറിയുന്നതിൽ മെമ്പർമാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനാൽ സമീപത്ത് സ്ഥിതി ചെയ്യുന്ന എൽ.ഇ.ഡി ലാമ്പുകളാൽ പ്രവർത്തിക്കുന്ന പോസ്റ്റുകളുടെ നമ്പറാണ് നിലാവ് സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതുമെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. കൃത്യമായ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്തപരിശോധന നടത്തുന്ന വേളയിലും തെറ്റായ പോസ്റ്റ് നമ്പർ ആധികാരിക രേഖയാക്കി സൂക്ഷിച്ചിരിക്കുന്ന രീതി തൃപ്തികരമല്ല. ഈ വിഷയത്തിൽ ഭരണ നിർവ്വഹണാധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. കേടായ ബൾബുകൾ തിരികെ സ്റ്റോക്കിലെടുത്തെന്നും ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റോക്കിന്റെ വില രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സ്റ്റോക്കിന്റെ വർഷാന്ത്യമൂല്യം കണക്കാക്കി സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2. കരാറുകാർ റിപ്പയർ പ്രവർത്തികൾ നടയിട്ടുള്ളത് അതത് വാർഡ് മെമ്പർമാരും ഊർജ്ജം വർക്കിംഗ് ഗ്രൂപ്പും മോണിറ്റർ ചെയ്യേണ്ടതാണ്. പ്രവർത്തികൾ കെ. എസ്.ഇ.ബിയുടെ മേൽനോട്ടത്തിലാണ് നടന്നിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4. അടവാക്കുന്ന വൈദ്യുതി ചാർജ്ജ്, തെരുവ് വിളക്കുകളുടെ റിപ്പയർ ചാർജ്ജ് എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
5. മീറ്ററിംഗ് ഇല്ലാത്ത പോസ്റ്റുകളിലും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-17 ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ളവിതരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

1.പൊതുടാപ്പുകളുടെ വെള്ളക്കരം

പൊതു കുടിവെള്ളടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 143500 രൂപ ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നുണ്ട്. . 328 പൊതുടാപ്പുകളുടെ വെള്ളക്കരം ആണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്.

ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2. ജലജീവൻ പദ്ധതി

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്.

ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമായി പ്രവർത്തികൾ ആരംഭിച്ചെങ്കിലും ഓഡിറ്റ് വർഷങ്ങളിൽ ചെലവില്ല. കേരള വാട്ടർ അതോറിറ്റിയെ ആണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖേന നിലവിൽ 35 ഗ്രാമീണ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മഴവെള്ള സംഭരണം, ജലസുരക്ഷ, ഭൂജല പരിപോഷണം ലക്ഷ്യമിട്ട് തൊഴിലുറപ്പ് പദ്ധതിയിലൂടെ വിവിധ പ്രവർത്തനങ്ങൾ നൽകുന്നതായി സെക്രട്ടറി അറിയിച്ചു.
കുടിവെള്ള ലഭ്യതക്കായി വരൾച്ചാക്കാലത്ത് ടാങ്കർ ലോറികളെ ആശ്രയിക്കുന്ന 20 കുടുംബങ്ങൾ ഉള്ളതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നു. 2030 ൽ കൈവരിക്കേണ്ട വികസനലക്ഷ്യത്തിലും ഒന്നാം സ്ഥാനം എല്ലാവർക്കും ശുദ്ധജലം ഉറപ്പു വരുത്തുക എന്നതിനാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജലജീവൻ പദ്ധതി പ്രകാരമുള്ള ലക്ഷ്യം കൈവരിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിനെ വിവിധ മേഖലകളാക്കി തിരിച്ച് ഓരോ മേഖലയിലും എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതിനനുസരിച്ച് ആ മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന രീതിയിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്ന അധിക ചെലവ് കുറക്കാവുന്നതാണ്.

3. മഴവെള്ള സംഭരണം, ജലസുരക്ഷ, ഭൂജല പരിപോഷണം ഇവക്കായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 16/24.12.21, മറുപടി പരിഗണിച്ചു)

## 1-18 വാഹനം സൂക്ഷിപ്പ്, പഴയ വാഹനം ലേലം ചെയ്യൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗത്തിനായുള്ള മാർഗ്ഗനിർദേശങ്ങൾ സ.ഉ(എം.എസ്)നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തിയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം സർക്കാർ വാഹനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുവാൻ വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, വാഹനത്തിന്റെ റിപ്പയർ, സുരക്ഷ തുടങ്ങിയവയുടെ വിവരം രേഖപ്പെടുത്തുന്നതിനായി ഫോറങ്ങളും നിശ്ചയിച്ചിട്ടുണ്ട്.
വാർഷിക ധനകാര്യ പത്രിക പ്രകാരം 311915 രൂപ ഇന്ധനം വാങ്ങിയതിനായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വാഹന അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി 85983രൂപയും ചെലവഴിച്ചിട്ടുണ്ട്.
രജിസ്ട്രേഷൻ നം.- KL-49/3745 ലുള്ള ഗ്രാമപഞ്ചായത്തിന്റെ വാഹനത്തിന്റെ പരിപാലനത്തിൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല. ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.
15 വർഷം പഴക്കമുള്ള ആദ്യത്തെ വാഹനം നിരന്തരം അറ്റകുറ്റപ്പണികൾ വന്നു കൊണ്ടിരുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് 2021-22 കാലയളവിൽ പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. പഴയ വാഹനത്തിന് 90,000 രൂപ പി.ഡബ്ല്യു.ഡി മെക്കാനിക്കൽ വിംഗ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വില കണക്കാക്കിയിട്ടുണ്ടെങ്കിലും ലേലം ചെയ്തു നൽകുന്നതിന് സാധിച്ചിട്ടില്ല. രണ്ടു ലേലം നടന്നെങ്കിലും കുറഞ്ഞ വില മാത്രം ക്വോട്ട് ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- ഇ-ഓക്ഷൻ നടപടികളിലൂടെ M/s MSTC Limited ന്റെ സേവനം പ്രയോജനപ്പെടുത്തി വാഹനം കൈയ്യൊഴിക്കാൻ ശ്രമിക്കേണ്ടതാണ്.
- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.
- വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

.ലേലനടപടികൾ പൂർത്തിയാക്കി പഴയ വാഹനം കൈയൊഴിയേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം 26/27.12.21, മറുപടി പരിഗണിച്ചിട്ടില്ല)

1-19 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 166(1) പ്രകാരമുള്ള പട്ടിക മൂന്ന് പ്രകാരം സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപെടുന്ന ആരോഗ്യ ശുചിത്വ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടവയാണ്. കോവിഡ് 19 എന്ന സാംക്രമിക രോഗത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവാദിത്വങ്ങളുടെ ഫലപ്രദമായ നിർവ്വഹണം പ്രാധാന്യമർഹിക്കുന്നു. ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.
2020-21ൽ കോവിഡ് 19 ന്റെ പ്രതിരോധത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 215/21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 200000 (തനത് ഫണ്ട്) | 12019 |
| 23/21 | ജനകീയഹോട്ടൽ നടത്തിപ്പ് | 200000 (വികസനഫണ്ട് ജനറൽ) | 46516 |

തനതു ഫണ്ടിൽ നിന്നുള്ള ചെലവ്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തി പ്രോജക്റ്റ് രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹനവാടക, ശുചീകരണപ്രവൃത്തികൾ, പ്രചാരണം സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റീൻ ഭക്ഷണം, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ആകെ 329803 രൂപ തനത് ഫണ്ടിൽ നിന്നും ചെലവുണ്ട്. ആയതിൽ 50000 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും മുൻകൂർ ആയി ലഭ്യമായിട്ടുണ്ട്.

ബി.സി.എഫ്.എൽ.ടി.സി

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സി. പ്രത്യേക അക്കൗണ്ട്

കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ട് 2021 ൽ ആരംഭിച്ചിട്ടുണ്ടെങ്കിലും (A/c No-50100356444248-HDFC) കോവിഡ് പ്രവർത്തനങ്ങൾക്കായുള്ള വരവ് ചെലവ് ഇടപാടുകൾ നിലവിലും തനത് ഫണ്ട് മുഖേനയാണ് നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ചട്ടപ്രകാരമുള്ള ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധിയുടെ ഭാഗമായി പ്രത്യേക അക്കൗണ്ട് ആരംഭിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക സ്വീകരിക്കാവുന്നതാണ്.

ഡി. ജനകീയ ഹോട്ടൽ

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്. ജനകീയഹോട്ടൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു.

ഇ. ഓഡിറ്റ് നിർദ്ദേശം

കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആവിഷ്കരിക്കുന്ന പദ്ധതികൾക്കായി അനുവദിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുവാനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനും മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

ഈ വിഷയത്തിലേക്ക് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടുണ്ട്. എല്ലാ പ്രവർത്തികൾക്കും നിർവ്വഹണ ഏജൻസികളുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല. തുടർനടപടികൾ ആരും മോണിറ്റർ ചെയ്യുന്നില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുക്കോട് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം 3/06.05.20 | 819519 | 819519 | 0 | കരാർ ഉടമ്പടി പ്രകാരം 2021 മാർച്ച് 21 ന് മുമ്പ് പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ വടക്കഞ്ചേരി കെ.എസ്.ഇ ബിയിൽനിന്നു മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുള്ളത്. പുതുക്കോട് കെ.എസ്.ഇ ബിയിൽനിന്നും 819519 രൂപയുടെ വിനിയോഗവിവരം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ലഭ്യമാക്കിയിട്ടില്ല. |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, വടക്കഞ്ചേരി | | | 187650 | 187650 | 0 | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുക്കോട് | കുന്നം പുള്ളി DWS 3-ഫേസ് എക്സ്റ്റൻഷൻ | ബിൽ നം 19/14.07.20 | 188960 | 188960 | 0 | കരാർ ഉടമ്പടി, ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല |
| | | ബിൽ നം 18/19.08.20 | 12814 | 12814 | 0 | |
| കേരള ജല അതോറിറ്റി, ആലത്തൂർ ഡിവിഷൻ | വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 12/06.07.20 | 340000 | 288163 | 51837 | പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. 51837 രൂപ ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കിയിട്ടുണ്ട്. |

പ്രവൃത്തി പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ്.

2. സാംഖ്യയിൽ തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500.....- Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും

ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ആയത് പരിഹരിച്ചു കൊണ്ട് വരുംവർഷങ്ങളിൽ വാർഷിക ധനകാര്യപത്രികകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.7/22.12.21 , മറുപടി ലഭ്യമാക്കിയത് പരിഗണിച്ചു)

1-21 ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

2019-20, 2020-21 വർഷങ്ങളിൽ ലൈബ്രറി ഗ്രാന്റ് ഉപയോഗിച്ച് യഥാക്രമം 11640, 12940 രൂപക്ക് പുസ്തകങ്ങൾ വാങ്ങുകയും മഞ്ഞപ്ര ലൈബ്രറിയിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലൈബ്രറി നിലവിൽ പ്രവർത്തനക്ഷമമല്ല.







ലൈബ്രറി രസീപ്റ്റ്സ് ഇനത്തിൽ തുച്ഛമായ വരവ് മാത്രമാണ് ഉള്ളത്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. കൂടാതെ ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഗ്രന്ഥശാല കമ്മിറ്റി രൂപികരിച്ചിട്ടില്ല.

പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ ഗ്രന്ഥശാലക്കുവേണ്ടി വാങ്ങുന്നുണ്ടെങ്കിലും പൊതുജനങ്ങൾ ഇവ ഉപയോഗപ്പെടുത്തുന്നില്ല. പ്രവേശന രജിസ്റ്റർ, പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ, പത്ര – മാസികകളുടെ രജിസ്റ്റർ, പ്രതിമാസ വരിസംഖ്യ രജിസ്റ്റർ എന്നിവ കാലികമാക്കുന്നതിനും, വാർഷിക പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല. ഗ്രന്ഥശാലയിലേക്ക് വാങ്ങിയ പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ല. വെറുതെ മേശപ്പുറത്ത് അടുക്കി വച്ചിരിക്കുന്ന രീതിയിലാണ് പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളത്.

ഗ്രന്ഥശാലയുടെ പ്രവർത്തനത്തിൽ കാലികമായ മാറ്റങ്ങൾ വരുത്തേണ്ടതും ഓഡിറ്റ് നിരീക്ഷണങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം.25/27.12.21, മറുപടി ലഭ്യമാക്കിയിട്ടില്ല)

1-22 എം.ഡി രാമനാഥൻ സ്മാരക സാംസ്കാരിക നിലയം -കെട്ടിടത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തണം

പ്രശസ്ത കർണ്ണാടക സംഗീതജ്ഞനും ഗായകനും ആയ ശ്രീ. എം.ഡി.രാമനാഥന് അദ്ദേഹത്തിന്റെ ജന്മനാടായ കണ്ണമ്പ്രയിൽ സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായത്താൽ സ്മാരക നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ തന്നെയാണ് സ്മാരകം സ്ഥിതി ചെയ്യുന്നത്. എം. ഡി.രാമനാഥൻ സ്മാരക സാംസ്കാരിക നിലയം എന്നാണ് കെട്ടിടം അറിയപ്പെടുന്നത്. കെട്ടിടത്തിന്റെ ഉദ്ഘാടനം 2019 ഒക്ടോബർ 21 ന് ബഹു. കേരളമുഖ്യമന്ത്രി നിർവ്വഹിച്ചു.

ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ നടത്തിയത്. നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിർവ്വഹണ ചുമതലയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരുന്നു. ആകെ 1 കോടി രൂപ സാംസ്കാരിക വകുപ്പിൽ നിന്നും സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ചു. ആയതിൽ 97,24,866/- രൂപ നിർമ്മാണ പ്രവർത്തികൾക്കായി ചെലവഴിച്ചു. ബാക്കി 2,75,134/- രൂപ സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ട്. മ്യൂറൽ പെയിന്റിംഗ്, ചുമർചിത്രങ്ങൾ എന്നിവയാൽ അലങ്കരിച്ച് മനോഹരമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടത്തിന്റെ ഭിത്തികളിൽ ശബ്ദക്രമീകരണസംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വിശാലമായ ഓഡിറ്റോറിയം, സ്റ്റേജ് ഇവ ഒരുക്കിയിട്ടുണ്ട്. മുകളിലത്തെ നിലയിൽ ഗസ്റ്റ് റൂമുകളും ഒരുക്കിയിട്ടുണ്ട്.

സംഗീതത്തിലും മറ്റ് സുകുമാര കലകളിലും പ്രാവീണ്യം നേടാനുദ്ദേശിക്കുന്നവർക്ക് പരിശീലനം നേടുന്നതിനായി ഒരു സംഗീത ഗവേഷണകേന്ദ്രം ആയി പ്രവർത്തിക്കുന്നതിനാണ് സ്മാരകം വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ കോവിഡ് സാഹചര്യമായതിനാൽ കെട്ടിടത്തിൽ മറ്റ് പരിപാടികളൊന്നും നടക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ചില മീറ്റിംഗുകളും മറ്റും നടത്തുന്നതിനും കെട്ടിടം ഉപയോഗിച്ച് വരുന്നു. യഥാർത്ഥത്തിൽ ഉദ്ദേശിച്ച പ്രവർത്തനങ്ങൾ നിലവിൽ ഇവിടെ നടക്കുന്നില്ല.
ഫോട്ടോ ചേർക്കുന്നു.







ചുമർചിത്രം



ഓഡിറ്റോറിയം

ഓഡിറ്റ് എക്സിറ്റ് യോഗത്തിൽ ഈ വിവരം പ്രസിഡന്റ്, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. സ്മാരക മന്ദിരത്തിന്റെ തുടർ സൂക്ഷിപ്പിനുള്ള ചുമതലയ്ക്കായി സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും കെട്ടിടം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും മറ്റ് സാസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സാംസ്കാരിക വകുപ്പിന്റെ നിർദ്ദേശം ലഭ്യമാകേണ്ടതാണെന്നും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

സാംസ്കാരിക വകുപ്പിന്റെ അംഗീകാരത്തോടെ സ്മാരക മന്ദിരത്തിന്റെ പ്രവർത്തനങ്ങൾക്കായി ഉപനിയമാവലി തയ്യാറാക്കി ആയതനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്. ഒരു സംഗീത ഗവേഷണകേന്ദ്രം ആയി വിഭാവനം ചെയ്തു നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം എക്കാലത്തും ഗ്രാമപഞ്ചായത്തിന്റെ ഒരു അഭിമാനമെന്ന രീതിയിൽ നിലകൊള്ളുന്ന തരത്തിൽ സംരക്ഷിക്കുന്നതിന് ഭരണ നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ശ്രമമുണ്ടാകേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം

സംസ്ഥാനത്തൊട്ടാകെയുള്ള മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആക്കി മാറ്റുന്നതിനും ലക്ഷ്യമിട്ടാണ് ഹരിതകർമ്മസേനകളുടെ പ്രവർത്തനം നടന്നു വരുന്നത്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ രൂപീകരണം, പ്രവർത്തനം, മാലിന്യനീക്കം, ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ രൂപീകരണം സേനാംഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ, ആയതിൽ തദ്ദേശസ്വയംഭരസ്ഥാപനത്തിന്റെ ഇടപെടൽ എന്നിവയും വിവിധ ഹരിത സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

ആയതിനായി പദ്ധതിഫയലുകൾ, തനത് ഫണ്ട് ചെലവ് രേഖകൾ, ഹരിതകർമ്മസേനയുടെ രജിസ്റ്ററുകൾ, മിനിറ്റ്സ്, ഭരണസമിതി തീരുമാനങ്ങൾ തുടങ്ങിയവ പരിശോധനയ്ക്ക് വിധേയമാക്കുകയും ഗ്രാമപഞ്ചായത്ത് എം.സി.എഫിന്റെ പ്രവർത്തനം നേരിൽ കാണുകയും കർമ്മസേനാംഗങ്ങളോട് നേരിൽ സംസാരിക്കുകയും ചെയ്തു.

ഈ വിഷയത്തിലുള്ള നിരീക്ഷണങ്ങളും കണ്ടെത്തലുകളും ഓഡിറ്റ് സമയത്ത് തന്നെ ഓഡിറ്റ് അന്വേഷണം നം.15/24.12.21പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും സെക്രട്ടറിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖാമൂലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എക്സിറ്റ് യോഗത്തിൽ പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ എന്നിവരുമായി ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

പരിശോധനയ്ക്ക് അടിസ്ഥാനമാക്കിയ പ്രധാന സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും

1. സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017- ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങൾ

2. സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 -ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ

3. ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021- ഖരമാലിന്യ നിയമാവലി വിജ്ഞാപനം

ചെയ്യൽ, യൂസർഫീ നിശ്ചയിക്കൽ

4. സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

5. 15-07-2017 ലെ സ.ഉ(സാധാ)നം.2420/2018-ഹരിതസഹായ സംഘങ്ങളുടെ പ്രവർത്തനം

6. ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 ചുമതലാവിഭജനം

രൂപീകരണവും പ്രവർത്തനവും

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 18.11.2017 മുതൽ ആരംഭിച്ചിട്ടുണ്ട്. 16 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ ആദ്യ ഘട്ടത്തിൽ സേനയിൽ 33 പേരാണുണ്ടായിരുന്നത്. ഇടയക്ക് വച്ച് കുറച്ചു പേർ വിട്ടു പോയെങ്കിലും ഏതാനും പേർ കൂടി അംഗങ്ങളായതോടെ നിലവിലെ അംഗസംഖ്യ 32 ആണ്. ഗ്രാമപഞ്ചായത്ത് കാലാകാലങ്ങളിൽ ഏൽപ്പിച്ചു നൽകുന്ന ചുമതലകളിലൂടെ സേനാംഗങ്ങളുടെ കാര്യപ്രാപ്തി വർദ്ധിക്കുകയും നിലവിൽ പരമാവധി മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നതായും യോഗതീരുമാനങ്ങളുടെ മിനിറ്റ്സിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് ടീം പ്രധാന എം.സി.എഫ് യൂണിറ്റിൽ നടത്തിയ പ്രാദേശിക പരിശോധനയിലും ടീമംഗങ്ങളുടെ പ്രവർത്തനം നേരിൽ കണ്ടു ബോധ്യപ്പെട്ടു.






സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ 30.07.2021 ലെ 2(21) നം തീരുമാനം പ്രകാരം പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി അംഗീകരിച്ച് അന്തിമമാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 30രൂപയും കടകളിൽ നിന്ന് 100രൂപയും ആണ് യൂസർഫീ നിശ്ചയിച്ചിട്ടുള്ളത്. ഹരിതകർമ്മസേനയുടെ പ്രവർത്തനമാർഗ്ഗരേഖ പ്രകാരം വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും യൂസർഫീ സർക്കാർ നിശ്ചയിച്ചിട്ടുണ്ടെങ്കിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തന്നെ യൂസർഫീ ഈടാക്കുന്നതിന് ആരംഭിച്ചിട്ടില്ല.

ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള യൂസർ ഫീ ഒടുക്കുന്നതിൽ തന്നെ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 77200 വീടുകളും പെട്ടിക്കടകൾ ഉൾപ്പെടെ 1100 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശാനുസൃതം യൂസർ ഫീ ഈടാക്കുന്നതിന് കഴിഞ്ഞാൽ 7200*50+1100*100 =4,70,000 രൂപ യൂസർഫീ ഇനത്തിൽ മാത്രം പ്രതിമാസം ഹരിത കർമ്മസേനയ്ക്ക് ലഭിക്കുമായിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശാനുസൃതമുള്ള നിരക്ക് ഈടാക്കാത്തതിനാലും മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും കളക്ഷനായി എത്താൻ സാധിക്കാത്തതിനാലും എത്തിയ മുഴുവൻ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കാൻ സാധിക്കാത്തതിനാലും ശരാശരി 70,000/- രൂപ മാത്രമാണ് കർമ്മസേനയുടെ നിലവിലെ പ്രതിമാസ വരുമാനം.

2021 നവംബർ മാസത്തെ യൂസർ ഫീ കളക്ഷൻ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ശേഖരണത്തിനായി പോയ വീടുകളുടെ /കടകളുടെ ആകെ എണ്ണം | യൂസർ ഫീ ലഭിച്ച വീടുകളുടെ /കടകളുടെ ആകെ എണ്ണം | ആകെ ലഭിച്ച തുക | വണ്ടി വാടക | ഒരംഗത്തിന് ലഭിക്കുന്ന ശരാശരി പ്രതിമാസ വേതനം |
|---|---|---|---|---|
| 5134 | 2182 | 71505 | 6604 | 2200 |

വാഹനവാടക ഗ്രാമപഞ്ചായത്ത് റീക്ലപ്പ് ചെയ്തു നൽകി വരുന്നുണ്ട്. സ്ഥിരമായ വാഹന സൗകര്യം ഗ്രാമപഞ്ചായത്ത് ഒരുക്കി കൊടുത്തിട്ടില്ല.

13.08.2021ലെ തീരുമാനം പ്രകാരം ഹരിത കർമ്മസേനയെ 4 സംരംഭ ഗ്രൂപ്പുകളായി തിരിക്കുകയും കൺസോർഷ്യം രൂപീകരിക്കുകയും ഓരോ കൺസോർഷ്യത്തിനും അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ സംരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനായി തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സംരംഭ പ്രവർത്തനങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.

യൂസർഫീ അപര്യാപ്തമാവുന്ന സാഹചര്യങ്ങളിൽ ഹരിതകർമ്മസേനക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2020-21 വർഷം 29,700/- രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സിഎഫ് കേന്ദ്രം പതിനഞ്ചാം വാർഡിൽ കല്ലേരിയിൽ സ്ഥിതി ചെയ്യുന്നു. സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലപരിമിതി ഉള്ളതിനാൽ എം.സി.എഫിൽ മാതൃകാ പ്ലാൻ പ്രകാരമുള്ള മതിയായ സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടില്ല. പാഴ് വസ്തു ശേഖരണ കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജി.ഒ(ആർ.ടി) നം. 113/21 /ത.സ്വ.ഭ.വ/16.01.21 മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. ജനവാസകേന്ദ്രത്തിനുള്ളിലാണ് എം.സി.എഫ് കെട്ടിടം. അജൈവമാലിന്യങ്ങൾ തരം തിരിച്ച് വളരെ വൃത്തിയായി അടുക്കി സൂക്ഷിച്ചു വരുന്നതായി നേരിൽ കണ്ട് ബോധ്യപ്പെട്ടു. ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ജലലഭ്യത ഇല്ല. അയൽ വീടുകളിൽ നിന്നാണ് വെള്ളം ലഭ്യമാക്കുന്നത്. അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ല. അംഗങ്ങൾക്ക് യൂണിഫോം, മാസ്ക്, സാനിറ്റൈസർ, ബൂട്ട് ഉടങ്ങിയവ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

ഓഡിറ്റ് സമയത്ത് എല്ലാ വാർഡുകളിലേക്കും മിനി എം.സി.എഫുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആയവ പ്രവർത്തനക്ഷമമായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്) നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. മുണ്ടൂർ ഐ.ആർ.ടി.സിയെ ഹരിത സഹായ സഹായസ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. 3 മാസത്തെ കൺസൾട്ടൻസി ഫീസായി 58,287/- രൂപ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനവും ഹരിതകർമ്മ സേനയുടെ പ്രാധാന്യവും ജനങ്ങളിലെത്തിക്കുന്നതിനും ഒരു പരിധി വരെ ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുന്നതിനും സഹായകമാവുന്ന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. 3 മാസങ്ങളിൽ മാത്രമാണ് ഇവരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. സംരംഭക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ നിലവിൽ സഹായ സംഘങ്ങളുടെ സേവനം ഇല്ല.

ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി മാലിന്യം ഏറ്റെടുക്കുന്നുള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചു.

ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിത കർമ്മസേനക്കായി 12.03.2020ന് കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചെങ്കിലും (അക്കൗണ്ട് നം 15020) ഇത് കൂടാതെ അജൈവമാലിന്യങ്ങളുടെ വില ക്ലീൻ കേരള കമ്പനിയിൽ നിന്നും ഈടാക്കുന്നതിനുള്ള സൗകര്യത്തിനായി യൂണിയൻ ബാങ്കിൽ 27.09.21 ന് ഒരു അക്കൗണ്ട് (അക്കൗണ്ട് നം 10000186) കൂടി ആരംഭിച്ചിട്ടുണ്ട്. സഹകരണ ബാങ്കിലെ അക്കൗണ്ട് നിർത്തലാക്കി ഒരു അക്കൗണ്ട് മാത്രമാക്കി നിലനിർത്തേണ്ടതാണ്. 30.11.2021 ലെ അക്കൗണ്ട് ബാലൻസ് 42,378/- രൂപ ആണ്.

വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ.മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുമുള്ള ചുമതല വി.ഇ.ഒ.യ്ക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിയാണ് കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി വരുന്നത്.

ഓഡിറ്റ് നിരീക്ഷണങ്ങളിൻമേലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷകത്തൊഴിലാളികളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായതു കൊണ്ടാണ് വീടുകളിൽ നിന്നുള്ള യൂസർ ഫീ നിലവിലും 30 രൂപയായി തുടരുന്നതെന്ന് സെക്രട്ടറി അറിയിച്ചു. കൂടാതെ യൂസർഫീ നൽകുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നതായും അറിയിച്ചു. കുറെക്കൂടി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വീടുകളിൽ നിന്നുള്ള യൂസർഫീ 50 രൂപ ആക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. യൂസർഫീ നൽകുന്നതിന് വിമുഖത കാണിക്കുന്നവരുടെ ലിസ്റ്റ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് കർമ്മസേനാംഗങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാവിധ സർക്കാർ സേവനങ്ങൾക്കും യൂസർഫീ കാർഡ് നിർബന്ധമാക്കുക, വിവിധ നികുതികളുടെ കൂടെ യൂസർഫീ സെസ്സ് ഈടാക്കുക തുടങ്ങിയ പദ്ധതികളിലൂടെ കൂടുതൽ പേരിൽ നിന്നും യൂസർഫീ ഈടാക്കുന്നതിന് കഴിയും എന്നും സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് ഉറപ്പാക്കേണ്ടതാണ്. യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ദ്യ പരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

- ഹരിതകർമ്മസേനക്ക് സ്ഥിരമായ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- എംസി.എഫിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതും ജലലഭ്യത ഉറപ്പു വരുത്തേണ്ടതുമാണ്.
- യൂസർഫീ നൽകാത്ത വീട്ടുടമകൾ വ്യാപാരികൾ, സേനാംഗങ്ങളോട് മോശമായി പെരുമാറുന്നവർ എന്നിവരുടെ പേരുവിവരം ശേഖരിച്ച് ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വർദ്ധിപ്പിക്കേണ്ടതും ആത്മവിശ്വാസം നിലനിർത്തുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 20/21 (ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ)

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -200000

ചെലവ് - 200000( ബിൽ നം 36/27.11.2020)

ഹോംകോ ലഭ്യമാക്കിയ പ്രൊഫോർമാ ഇൻവോയ്സ് നം.787/21.10.2020 പ്രകാരം 200000 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക നൽകിയിട്ടുണ്ട്. എന്നാൽ 140293 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഹോംകോയുമായി എഗ്രിമെന്റ് വെക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. വരുംവർഷങ്ങളിൽ എഗ്രിമെന്റ് വക്കുന്നതാണെന്ന് ഹോമിയോ മെഡിക്കൽ ഓഫീസർ (എൻ ആർ എച്ച്. എം) അറിയിച്ചു.

(ഓഡിറ്റ് അന്വേഷണം നം. 8/22.12.2021)

## 1-25 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ :22000208

ചെക്ക് നമ്പർ:328422

തീയതി: 10/06/20

തുക – 1,60,000/-

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

ആരോഗ്യ ജാഗ്രത മഴക്കാല പൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷൻ ഫണ്ട് വാർഡ് 1 ന് 10,000/- രൂപ വീതം പതിനാറു വാർഡുകളിലേക്ക് തനതു ഫണ്ടിൽ നിന്ന് മുൻകൂറായി തുക നല്കിയിട്ടുണ്ട്. ഓരോ വാർഡിലെ സാനിറ്റേഷൻ കമ്മിറ്റിക്കാണ് തുക നല്കിയിട്ടുള്ളത്. ആയതിന്റെ ചെലവ് രേഖകൾ , യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് റിക്വസഷൻ 24 – 27/12/2021 ന് കണ്ണമ്പ്ര 1, 3 വാർഡുകളിലെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ

ഹാജരാക്കുന്നതു വരെ 20,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-26 എസ്.എസ്.കെ വിഹിതം നൽകൽ- വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്

നിർവ്വഹണം- ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ് മഞ്ഞപ്ര

പ്രോജക്ട് നമ്പർ- 50/21

അടങ്കൽ - 549109 (349109- വികസന ഫണ്ട് ജനറൽ, 200000- തനത് ഫണ്ട്)

ചെലവ് - 549109 (ബിൽ നമ്പർ- 3/30-09-2020 – 349109, 200000- തനത് ഫണ്ട്)

2020-21 സാമ്പത്തിക വർഷം എസ്.എസ്.കെ വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം 549109 രൂപ എസ്.എസ്.കെ ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. നം. എ/646/20 തി. 26-07-2021 പ്രകാരം മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. എസ്.എസ്.കെ.യുടെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിനു വേണ്ടിയുള്ള 2020-21 ലെ ആക്ഷൻ പ്ലാൻ പ്രകാരം മീഡിയ & കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം, സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിട്ടുണ്ട്. കോവിഡ് മൂലം സ്കൂളുകൾ അടഞ്ഞു കിടന്ന സാഹചര്യത്തിൽ പ്ലാൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്താനുദ്ദേശിച്ച പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്നും കൈമാറിയ തുക പൂർണ്ണമായും ഗ്രാമപഞ്ചായത്തിനായി വിനിയോഗിച്ചിട്ടുണ്ടോ എന്നും മോണിറ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം.18/ 27.12.21 ) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

എസ്.എസ്.കെയ്ക്ക് നൽകുന്ന ഗ്രാമപഞ്ചായത്ത് വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനൊപ്പം ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിലെ സ്കൂളുകൾക്കായി നടപ്പാക്കിയിട്ടുണ്ടോ എന്നും കൈമാറിയ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ടോ എന്നും ഉറപ്പാക്കേണ്ടതാണ്. ഇതിനായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് നടത്താവുന്നതാണ്.

1-27 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ മുഴുവൻ ആനുകൂല്യവും അനുവദിക്കുന്നതിന് മതിയായ തുക വകയിരുത്തേണ്ടതാണ്

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 67/21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് യാത്രാബത്ത അനുവദിക്കൽ | 375000 ( 200000- വികസന ഫണ്ട് ജനറൽ, 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 75000- ജില്ലാ പഞ്ചായത്ത് വിഹിതം) | 300000 ( 200000- വികസന ഫണ്ട് ജനറൽ, 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 2020-21

സാമ്പത്തിക വർഷത്തിൽ 375000 രൂപ വകയിരുത്തുകയും 300000 രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയും അനുവദിക്കുവാൻ പര്യാപ്തമായ തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രങ്ങൾക്കുള്ള ബത്ത എന്നിവ ഉൾപ്പെടെ 28500/- രൂപ വരെ ഒരു വർഷം അനുവദിക്കാവുന്നതാണ്. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ള 26 കുട്ടികളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ശരാശരി 14500 രൂപ മാത്രമാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്.

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം. 6/20-12-21) ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മതിയായ തുക വകയിരുത്താൻ കഴിയാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ മുഴുവൻ ആനുകൂല്യവും ലഭിക്കത്തക്ക രീതിയിൽ മതിയായ തുക വകയിരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുകയും അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

1-28 അങ്കണവാടി പോഷകാഹാരം - ന്യൂട്രിമിക്സ് വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2020-21 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 56/21 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി | 2200000 (800000 – വികസന ഫണ്ട് , 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്, 400000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 1869701 (769701- വികസന ഫണ്ട്, 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്, 100000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| 63/21 | അങ്കണവാടികളിലെ പൂരകപോഷകാഹാര പദ്ധതി (എസ്.സി.പി) | 100000 വികസന ഫണ്ട് എസ്.സി.പി | 100000 |

മേൽ പ്രോജക്ടുകൾ പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ഉദയാനന്ദം ഫുഡ്സ്, കണ്ണാടി, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട്

2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ താഴെ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി, ടി.ഡി.എസ് നടത്തിയിട്ടില്ല.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (ജി.എസ്.ടി ഒഴികെ) | ബിൽ നം./തീയതി |
|---|---|---|---|
| 1. | 596/ 10-01- 2020 | 87710 | ബിൽ നം. 1/18-06-20 |
| | 643/10-01-2020 | 23316 | |
| | 662/ 25-02-2020 | 75180 | |
| | 663/ 25-02- 2020 | 23316 | |
| | 680/24-03-2020 | 75180 | |
| | 681/24-03-2020 | 23316 | |
| 2. | 751/21-07-20 | 22504 | ബിൽ നം. 02/ 11-02-21 |
| | 769/ 19-08-20 | 23896 | |
| 3 | 702/ 25-04-20 | 75180 | കേന്ദ്ര വിഹിതം ചെക്ക് നം. 237578 തി. 11-08-20 |
| | 703/ 25-04-20 | 23316 | |
| | 722/ 29-05-20 | 87745 | |
| | 723/ 29-05-20 | 23316 | |
| | 736/ 19-06-20 | 75180 | |
| | 737/ 19-06-20 | 23316 | |
| 4 | 750/ 21-07-20 | 24708 | ബ്ലോക്ക് വിഹിതം ചെക്ക് നമ്പർ 2512413 തി.10-02-2021 |
| | ആകെ | 687179 | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20-12-21) പ്രസ്തുത സ്ഥാപനം 2020-21 ലെ ജി.എസ്.ടി വാർഷിക റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കി.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ കരാർ തുക 2.50 ലക്ഷത്തിൽ അധികമാണെങ്കിൽ ബിൽ തുകയിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തിയതിനു ശേഷം തുക അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 ആർട്‌കോയിൽ നിന്നും കട്ടിലുകൾ വാങ്ങൽ- ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

വയോജനക്ഷേമം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിലെ 70 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 68/21 | വയോജനങ്ങൾക്ക് കട്ടിൽ | 425160 (വികസന ഫണ്ട് ജനറൽ) | 421853 | 4/19-02-2021 |

ആർട്‌കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങി നൽകിയിട്ടുള്ളത്. 97 കട്ടിലുകൾ ഒന്നിന് 3686 രൂപ നിരക്കിൽ 18% ജി.എസ്.ടി ഉൾപ്പെടെയാണ് 421853 രൂപ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം./ തീയതി | ജി.എസ്.ടി ഒഴികെയുള്ള ബിൽ തുക | കുറവു ചെയ്യേണ്ട ജി.എസ്.ടി വിഹിതം (2%) |
|---|---|---|
| 291/ 10-02-21 | 357542 | 7150 |

എന്നാൽ ഇപ്രകാരം ജി.എസ്.ടി 2% കുറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/20-12-21) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താത്തതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ബാധകമായ ജി.എസ്.ടി സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-30 കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണം- വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ - 71/21

അടങ്കൽ - 625000 (81911- വികസന ഫണ്ട് ജനറൽ, 230589- തനത് ഫണ്ട്, 312500- ഗുണഭോക്തൃ വിഹിതം)

ചെലവ് - 312500 (81911- വികസന ഫണ്ട് ജനറൽ, 230589- തനത് ഫണ്ട്)

ബിൽ നം./ തീയതി - 4/23-12-20 – 81911

ചെക്ക് നമ്പർ 5483041/22-12-20 - 230589

കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്ന പ്രോജക്ട് പ്രകാരം 25 ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 2020-21 വർഷത്തിൽ 312500/- രൂപ അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പ്രോജക്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നം.13/24-12-21 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയതിന് പ്രോജക്ട് പൂർത്തിയായിട്ടില്ല എന്നും പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-31 കറവയന്ത്രം വിതരണം പ്രോജക്ട് - അപാകങ്ങൾ

പ്രോജക്ട് നമ്പർ - 128/21

അടങ്കൽ - 800000 ( 200000- വികസന ഫണ്ട് ജനറൽ, 200000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 400000- ഗുണഭോക്തൃ വിഹിതം)

ചെലവ് - 25000 ( വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ- 6/17-03-21

കറവയന്ത്രം വിതരണം എന്ന പ്രോജക്ട് പ്രകാരം 16 ഗുണഭോക്താക്കൾക്ക് കറവയന്ത്രം വാങ്ങുന്നതിനായി 50% സബ്സിഡി നിരക്കിൽ 25000 രൂപ വീതം സബ്സിഡി നല്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഇതിനായി 800000 രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിനായി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഒരു ഗുണഭോക്താവ് മാത്രമാണുള്ളത്. പ്രസ്തുത വ്യക്തിക്ക് 25000 രൂപ മേൽ പറഞ്ഞ ബിൽ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പു വരുത്താതെ കൂടുതൽ തുക വകയിരുത്തിയതു മൂലം ഫണ്ട് പ്രയോജനമില്ലാതെ ലാപ്സായി പോയിട്ടുണ്ട്.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/24-12-2021) ലഭ്യമാക്കിയ മറുപടിയിൽ ഇത് ഒരു വനിതാ പദ്ധതി ആയതിനാലും 50% സബ്സിഡി തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതിനാലും ഗുണഭോക്താക്കൾക്ക് 5 കറവപ്പശു ഉണ്ടായിരിക്കണം എന്നതിനാലുമാണ് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവു വന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി ഫണ്ട് വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-32 ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

ഗ്രാമപഞ്ചായത്തിൽ 2020-21 ൽ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

2020-21

നിർവ്വഹണം - വി.ഇ.ഒ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 24/21 | ലൈഫ് മിഷൻ പദ്ധതി | 4696760 (1833000- വികസന ഫണ്ട് ജനറൽ, 1300000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 363760- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 300000- ജില്ലാ പഞ്ചായത്ത് വിഹിതം, 900000- ഹഡ്കോ ലോൺ) | 2345000 (415000- വികസന ഫണ്ട് ജനറൽ, 1150000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 780000- ഹഡ്കോ ലോൺ) |
| 27/21 | ലൈഫ് മിഷൻ പദ്ധതി (പട്ടികജാതി) | 6400000 ( 2000000 - വികസന ഫണ്ട് SCP, 22000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2200000- ജില്ലാ പഞ്ചായത്ത് വിഹിതം) | 1480000- വികസന ഫണ്ട് SCP |
| 222/21 | പട്ടികജാതി അഡീഷണൽ പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 6800000 ( 900000- വികസന ഫണ്ട് SCP, 3000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2900000- പഞ്ചായത്ത് വിഹിതം ) | 1400000 ( 760000-വികസന ഫണ്ട് SCP, 640000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ 145 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത് . ആയതിൽ 140 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി.

| വിഭാഗം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 138 | 136 | 2 |
| എസ്.സി | 7 | 4 | 3 |

മൂന്നാം ഘട്ടം

ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുകയും പിന്നീട് ഭൂമി ലഭിക്കുകയും ചെയ്ത 12 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും 7 പേർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

| വിഭാഗം | എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 5 | 4 | 1 |
| എസ്.സി | 7 | 3 | 4 |

അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

അഡീഷണൽ പട്ടികയിൽ ഭൂമിയുള്ളവരായി ഉൾപ്പെട്ട പട്ടികജാതി ഗുണഭോക്താക്കളിൽ 16 പേർ എഗ്രിമെന്റ് വച്ചു. ആയതിൽ 5 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

1-32-1 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഭവന നിർമ്മാണം രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | കാശുമണി, കിഴക്കേ കളം, ചല്ലിപറമ്പ് | 300000 | 23-01-2020 |
| 2 | പി.കെ.മോഹനൻ, കിഴക്കേകളം, പന്തലാംപാടം | 40000 | 20-03-2021 |
| 3 | സുരേഷ് കുമാർ, ശ്രീ നിലയം, ആർ.മംഗലം, കണ്ണമ്പ്ര | 300000 | 09-08-2019 |
| 4 | കമലാക്ഷി W/o കറുപ്പുസ്വാമി, മണലാരു എസ്റ്റേറ്റ്, പാടഗിരി, നെല്ലിയാമ്പതി | 260000 | 30-03-2019 |
| 5 | രമേഷ്, കണ്ടൻചിറ, ചൂർക്കുന്ന് | 220000 | 06-03-2020 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/24-12-21) മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ക്രമ നം. 1, 2,5 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ്.
2. ക്രമ നം. 3 , സുരേഷ് കുമാർ, ശ്രീനിലയം, ആർ മംഗലം, കണ്ണമ്പ്ര എന്ന ഗുണഭോക്താവ് 300000 രൂപ കൈപ്പറ്റുകയും തുടർന്ന് പഞ്ചായത്തിൽ നിന്നും ധനസഹായം ആവശ്യമില്ല എന്ന് അറിയിച്ചതിനാൽ

കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ട്.

3. ക്രമ നം.4, കമലാക്ഷി W/o കറുപ്പസ്വാമി എന്ന ഗുണഭോക്താവ് ആദ്യഗഡു ആയി 40000 തറ പണി പൂർത്തിയിക്കുകയും തുടർന്ന് അടുത്ത ഗഡു അനുവദിക്കുകയും ചെയ്തു. എന്നാൽ തുക മറ്റ് കാര്യങ്ങൾക്കായി വിനിയോഗം ചെയ്തിട്ടുള്ളതായി നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടതായും ഗുണഭോക്താവ് പണി പൂർത്തീകരിക്കുന്നതിന് കൂടുതൽ സാവകാശം ആവശ്യപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. നാളിതുവരെ തുടർപണികൾ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. സുരേഷ് കുമാർ എന്ന ഗുണഭോക്താവ് കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. കമലാക്ഷി W/o കറുപ്പസ്വാമി എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ക്രമ നം. 1, 2,5 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം. 216/21- ടേക്ക് എ ബ്രേക്ക് ശൗചാലയം നിർമ്മാണം

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹.700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

₹200000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ.,തിയതി, 20-2-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും' പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഒന്നും), സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീ ഷോപ്പ്/റിഫ്രെഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ് എന്നതാണ് പദ്ധതിയുടെ സമഗ്ര ലക്ഷ്യം. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിനാണ് പ്രഥമ പരിഗണന. നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ പൊതുശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം ശുചിമുറികൾ പുതുക്കി പണിയേണ്ട പദ്ധതികൾ 2020 ഒക്ടോബർ 2നു മുമ്പ് പൂർത്തിയാക്കണം. പുതിയ നിർമ്മാണം ഏറ്റെടുക്കുന്നിടത്തെല്ലാം, 2020 ഡിസംബർ 31-നകം നിർമ്മാണം പൂർത്തിയാക്കണം. എന്നാൽ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലായിട്ടില്ല. പദ്ധതി നടപ്പിലാവാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.11/23.12.2021ന് മേൽ പദ്ധതി പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ 2 സ്ഥലത്ത് -ജില്ലാ പഞ്ചായത്തിന്റെ ഷീ ലോഡ്ജിനു സമീപമായി ദേശീയ പാതയോരത്തും കൂടുതൽ ജനങ്ങൾ എത്തിപ്പെടുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയത്തിനും അക്ഷയാകേന്ദ്രത്തിനും ഇടയിലും ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ രണ്ട് ടോയ്‌ലറ്റുകളും നടത്തിപ്പുകാരെ ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ തയ്യാറാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശുചിമുറി സമുച്ചയങ്ങളുടെ തലം (അടിസ്ഥാനതലം, സ്റ്റാന്റേർഡ് തലം, മീഡിയം തലം), അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിശ്ചയിച്ചതിന്റെ വിവരം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിച്ചു എന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 24.12.2021ന് നടത്തിയ ഫീൽഡ് പരിശോധനയിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം പൂർത്തിയാക്കിയതായി കണ്ടു. മുറ്റം ടൈൽസ് പതിക്കാൻ അവശേഷിക്കുന്നുണ്ട്. ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.




ടേക്ക് എ ബ്രേക്ക് കേന്ദ്രം

<u>ഓഡിറ്റ് നിർദ്ദേശം</u>

- മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്ക് കെട്ടിടം പ്രവർത്തനസജ്ജമാക്കേണ്ടതാണ്.
- സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിശ്ചയിച്ച പ്രകാരം തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.

ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 111 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 80 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 45 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 66 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹39365302 വകയിരുത്തിയതിൽ

₹27118364 ആണ് ചെലവഴിച്ചിട്ടുള്ളത്. 68.89% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹12246938/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 1990000 | 987794 | 1002206 |
| പൊതുവിഭാഗം(എസ്.സി.പി) | 100000 | 100000 | 0 |
| പൊതുവിഭാഗം(ടി.എസ്.പി) | 4340800 | 3492412 | 848388 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11043429 | 5977026 | 5066403 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 616328 | 402780 | 213548 |
| തനതു ഫണ്ട് | 924745 | 916765 | 7980 |
| ബ്ലോക്ക് പഞ്ചായത്ത് | 2280000 | 2064737 | 215263 |
| മെയി.ഫണ്ട്(റോഡ്) | 15337000 | 11405804 | 3931196 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 2733000 | 1771046 | 961954 |
| ആകെ | 39365302 | 27118364 | 12246938 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 115/21 -ചൂർകുന്ന് അംഗൻവാടിയിലേക്കു കുടിവെള്ളം, ചുറ്റുമതിൽ
- പ്രൊജക്ട് നം. 210/21-പി.എച്ച്.സി. മെയിന്റനൻസ്

കൂടാതെ താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 147/21- കൊട്ടേക്കാട് തോട്ടച്ചാൽ റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 159/21-കണ്ണമ്പ്ര ഭഗവതി പറമ്പ് റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 189/21-മരുതക്കുന്ന് റോഡ് പുനരുദ്ധാരണം
- പ്രൊജക്ട് നം. 191/21-കുന്നംപുള്ളി കൊരട്ടി റോഡ് പുനരുദ്ധാരണം

3. ആസ്തി രജിസ്റ്റർ 2019-20 വർഷം വരെ കാലികമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തീയതി എഴുതുന്നില്ല.

6. കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.

8. മിക്ക പ്രവൃത്തികളിലും നെയിം ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ നെയിം ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

9. കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ കരാറുകാരന്റെ പേര്, പ്രവൃത്തിയുടെ പേര് എന്നിവ മാത്രമാണ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. മറ്റ് വിവരങ്ങൾ, തിയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

10. പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുന്നില്ല.

11 എ. പ്രോജക്റ്റുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 111 മരാമത്ത് പ്രവൃത്തികളിൽ 45 എണ്ണം (41%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗിനുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 111 മരാമത്ത് പ്രവൃത്തികളിൽ 29 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 26 പ്രവൃത്തികൾ ടാറിംഗ് പ്രവൃത്തികളുമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/23.12.2021ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റോഡ് കണക്ടിവിറ്റി മാപ്പ് 10 വാർഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വാർഡുകൾ ഉടൻ പൂർത്തീകരിക്കുന്നതാണ് എന്നും ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചു നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ചു നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രൊജക്ട് നം.210/21-പി.എച്ച്.സി. മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ PHC കെട്ടിടത്തിനു മറ്റൊരു ബദൽ സംവിധാനം കണ്ടെത്താൻ കഴിയാത്തതു കൊണ്ടാണ് പദ്ധതി വൈകുന്നത് എന്നും പ്രൊജക്ട് നം.115/21 -ചൂർകുന്ന് അംഗൻവാടിയിലേക്കു കുടിവെള്ളം, ചുറ്റുമതിൽ എന്ന പദ്ധതിയുടെ ക്വട്ടേഷൻ നടപടികൾ പൂർത്തിയായി എന്നും പ്രൊജക്ട് നം. 147/21, 159/21, 189/21, 191/21 എന്നീ പദ്ധതികൾ തുടരേണ്ടതില്ല എന്നുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനം അറിയിച്ചതിനാൽ പ്രവൃത്തികൾ ഉപേക്ഷിച്ചു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-35 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമാവുന്ന തുകകൾ സൂക്ഷിക്കുന്നതിനു വേണ്ടി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കാനും ടി അക്കൗണ്ടിലെ ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരവും

തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/23.12.2021ന് പാസ് ബുക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പാസ്ബുക്കിലുള്ള ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റുകയും തുടർ നടപടി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-36 വിവിധ പുനരുദ്ധാരണ പ്രവൃത്തികൾ -തുടർ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി വിവിധ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അതിൽ പൊളിച്ച മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിട്ടുണ്ട്.

പൊളിച്ച മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം ഖണ്ഡിക 1-36-1, 1-36-2 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-36-1 GLPS മഞ്ഞപ്ര പുനരുദ്ധാരണം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

GLPS മഞ്ഞപ്ര പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ ജനലുകളും വാതിലുകളും ചിതൽ പിടിച്ച് ബലക്ഷയം സംഭവിച്ചതിനാൽ അവ മാറ്റി പകരം ഇരുമ്പ ജനലുകളും വാതിലുകളും സ്ഥാപിക്കുന്നതിനാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 113/21 – GLPS മഞ്ഞപ്ര പുനരുദ്ധാരണം

അടങ്കൽ - ₹ 600000 -MG (NR)

ചെലവ് - ₹541689 (ബിൽ നം. 67/26.3.21)

അളവു പുസ്തകം - 62/19-20

കരാറുകാരൻ - ശ്രീ.പി.ഗംഗാധരൻ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിയിൽ കെട്ടിടത്തിന്റെ കേടുവന്ന 14 ജനലുകളും 5 വാതിലുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇനം (1) പ്രകാരം പൊളിച്ച മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇനം (2) പ്രകാരം ജനലുകളും വാതിലുകളും സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊളിച്ച മാറ്റിയ ഇനങ്ങളുടെ വാല്യുവേഷൻ നടത്തി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം.ബി.യിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-36-2 ഖാദി വ്യവസായ യൂണിറ്റ് -അടിസ്ഥാന ഭൌതിക സൌകര്യം ഒരുക്കൽ - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഖാദി വ്യവസായ യൂണിറ്റ് -അടിസ്ഥാന ഭൗതിക സൗകര്യം ഒരുക്കൽ എന്ന പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മരത്തിന്റെ മേൽക്കൂര മാറ്റി ട്രെസ്സ് വർക്ക് ചെയ്യുന്നതിനും തറ ടൈൽ വിരിച്ച് വൃത്തിയാക്കുന്നതിനും ചുമർ സിമന്റ് പ്ലാസ്റ്ററിംഗ് നടത്തി പെയിന്റിംഗ് ചെയ്യുന്നതിനും ഇരുമ്പിന്റെ വാതിലുകളും ജനലുകളും പിടിപ്പിച്ച സുരക്ഷിതമാക്കുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. ഖാദി വ്യവസായ യൂണിറ്റ് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയല്ലാത്തതിനാൽ 28.1.2020ലെ കോ-ഓർഡിനേഷൻ

കമ്മിറ്റിയുടെ ഖണ്ഡിക 4.9 നം. തീരുമാനം പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ട് തയ്യാറാക്കാൻ നിലവിലുള്ള യൂണിറ്റുകൾക്ക് മാത്രമായി പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 172/20, 162/21 -ഖാദി വ്യവസായ യൂണിറ്റ് -അടിസ്ഥാന ഭൗതിക സൗകര്യം ഒരുക്കൽ

അടങ്കൽ - ₹100000/- [വികസന ഫണ്ട് (ജനറൽ)]

₹1500000/- (ബ്ലോക്ക് പഞ്ചായത്ത്)

ചെലവ് - ₹100000/- (ബിൽ നം. 57/25.2.21)

₹1288601/- (ചെക്ക് നം. Xy.6042013/26.2.21)

അളവു പുസ്തകം - 29/20-21, 162/21, 91/20-21

കരാറുകാരൻ - ശ്രീ.കെ.കുമാരൻ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മരത്തിന്റെ മേൽക്കൂര മാറ്റി ട്രെസ്സ് വർക്ക് ചെയ്യുന്നതിനും വാതിലുകളും ജനലുകളും മാറ്റുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. കെട്ടിടത്തിന്റെ മേൽക്കൂരയും കേടുവന്ന 4 ജനലുകളും 1 വാതിലും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇനം (1), (2), (4) എന്നിവ പ്രകാരം പൊളിച്ചു മാറ്റിയ Serviceable Materials ഉപയോഗയോഗ്യമായവ സ്റ്റാക്ക ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയ ഇനങ്ങളെ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ നിർവഹണ ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്തി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എം.ബി.യിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-37 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1144/21 -തോട്ടപാലം ചേറുംകോട് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ - 395000- വികസന ഫണ്ട് (സി.എഫ്.സി)<br>PAC- 352511.64<br>APAC- 352511.64<br>കരാറുകാരൻ - ശ്രീ.കെ.എ.രാമചന്ദ്രൻ<br>എഗ്രിമെന്റ് നം.: 3/30.9.2019<br>അളവു പുസ്തകം - 88/19-20, 123/19-20<br>ചെലവ് - 328256 (2019-20)<br>(ബിൽ നം.59/9-1-2020)<br>51952 (2020-21)<br>(ബിൽ നം. 46/12-10-2020)<br>പൂർത്തീകരണ കാലാവധി - 4 മാസം (TSപ്രകാരം) | 30-1-2020 | 2-6-2020 | --- | 10575<br>(3%) | 10575 |
| | ആകെ ഈടാക്കേണ്ട തുക | | | | | 10575 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/27-12-2021ന് മറുപടി ലഭ്യമാക്കിയില്ല. കുറവായി ഈടാക്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-38 ചേവക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം -രേഖകൾ ഹാജരാക്കിയില്ല

ചേവക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതിയുടെ മുഴുവൻ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. 143/21 -ചേവക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം

അടങ്കൽ -₹200000 [Plan (SCP)]

ചെലവ് -₹199964 (ബിൽ നം. 21/27.4.20)

കരാറുകാരൻ - ശ്രീ.ഹക്കീം.എൻ.

എം.ബി. നം. -72/19

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ചേവക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പ്രവൃത്തിയുടെ എഗ്രിമെന്റ് ഷെഡ്യൂൾ, എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, മെഷർമെന്റ് ബുക്ക് എന്നിവ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്.

ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ വിവരം, ക്വാട്ട് ചെയ്ത നിരക്ക്, ടെണ്ടറുകൾ, പ്രിലിമിനറി എഗ്രിമെന്റ്, പ്രവൃത്തി നടപ്പിലാക്കിയ കരാറുകാരനുമായി ചമച്ച എഗ്രിമെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/27.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ₹199964 യുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു,

1-39 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സാമഗ്രികൾ വാങ്ങൽ- ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2020-21 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 48 മെറ്റീരിയൽ പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 46 എണ്ണം നടപ്പാക്കിയിട്ടുണ്ട്. എ2.2381/2020 തീയതി. 29-06-20 നമ്പർ പ്രകാരം നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2 കരാറുകാർ ടെണ്ടറിൽ പങ്കെടുത്തതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ.ആർ. ഉണ്ണികൃഷ്ണൻ, വാരുകുന്ന്, മഞ്ചപ്ര എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു . ഫയലുകൾ പരിശോധിച്ചതിൽ സാധന സാമഗ്രികൾ വിതരണം ചെയ്ത വകയിൽ തുക അനുവദിച്ചു നൽകിയപ്പോൾ 2,50,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തിട്ടില്ല. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു പ്രകാരം CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മെറ്റീരിയൽ പ്രവൃത്തികളിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികരിച്ചവയുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽസ് വിതരണം ചെയ്ത വകയിൽ നല്കിയ തുക (രൂപ) | എഫ്.ടി.ഒ നം./ തീയതി |
|---|---|---|---|
| 1 | എൻ.എസ്.എസ് കരയോഗം റോഡ് പൂർത്തീകരണം | 334739 | 926452, 926458/25-03-21 |
| 2 | ഗുരുവായൂരപ്പൻ മേക്കോട് റോഡ് സംരക്ഷണം | 357662 | 974703, 974724/31-03-21 |
| 3 | കുന്നംപുറം റോഡ് സംരക്ഷണം | 291913 | 788489/26-02-21,957695 /29-03-21 |
| 4 | കർലോട് റോഡ് പൂർത്തീകരണം | 409431 | 957739/29-03-21, 788448/ 26-02-21, 788454/ 26-02-21 |
| 5 | കൊട്ടേക്കാട് തറ റോഡ് സംരക്ഷണം | 405978 | 788459/, 788463/ 26-02-21, 957813/29-03-21 |
| 6 | ചൂർക്കുന്ന് പാറയ്ക്കൽ | 409477 | 797203 - 797205/27-02-21 |

| | | | |
|---|---|---|---|
| | റോഡ് പൂർത്തീകരണം | | |
| 7 | കാരയങ്കാട് കെ.എ.കെ മണ്ഡപം റോഡ് പൂർത്തീകരണം | 301700 | 788004/26-02-21, 706885, 706878/02-02-21 |
| 8 | കുന്നംകാട് ഇടവഴി സംരക്ഷണം | 325343 | 706798, 706822/ 02-02-21, 788543/26-02-21 |
| 9 | പുളിങ്കൂട്ടം തെക്കേത്തറ കനാൽ റോഡ് സംരക്ഷണം | 409431 | 788425/26-02-21, 788428/26-02-21, 800366/01-03-21 |
| 10 | തെക്കേത്തറ താഴത്ത് ഇടവഴി സംരക്ഷണം | 270494 | 957806/29-03-21, 788419/ 26-02-21 |
| 11 | തെക്കേത്തറ പട്ടത്തറ റോഡ് പൂർത്തീകരണം | 409430 | 788408/26-02-21, 788411/26-02-21, 797207/27-02-21 |
| 12 | ചുങ്കത്തൊടി കുറുപ്പിലക്കാട് ഇടവഴി സംരക്ഷണം | 301729 | 788393, 788397/26-02-21 |
| 13 | നരസിംഹമൂർത്തി അമ്പലം ഇടവഴി സംരക്ഷണം | 404196 | 788179,788183/26-02-21, 800322/01-03-21 |
| 14 | കാരപ്പൊറ്റ പള്ളിത്തെരുവ് റോഡ് പൂർത്തീകരണം | 413421 | 800451/01-03-21, 788144,788140/26-02-21 |
| 15 | ചേറുംകോട് കനാൽ റോഡ് സംരക്ഷണം | 377555 | 788509,788511/26-02-21 |
| 16 | ചാളയ്ക്കൽ റോഡ് സംരക്ഷണം | 409480 | 800246,800274,800285/01-03-21 |
| 17 | കാരപ്പൊറ്റ പറയംകോട്ടുകുളമ്പ് റോഡ് പൂർത്തീകരണം | 409474 | 788012,787951/26-02-21, 800203/01-03-21 |
| 18 | എൻ.എച്ച് കാരയങ്കാട് റോഡ് സംരക്ഷണം | 412207 | 788001/ 26-02-21, 706849,706858/02-02-21 |
| 19 | നെട്ടുകത്തറ ഇടവഴി സംരക്ഷണം | 272975 | 706773,706758/02-02-21 |
| 20 | നെട്ടുകത്തറ വല്യവീട് ഇടവഴി സംരക്ഷണം | 409433 | 706786,706792/02-02-21, 788557/26-02-21 |
| 21 | ചിറ പള്ളി റോഡ് പൂർത്തീകരണം | 405639 | 706872,706865/02-02-21, 788544/26-02-21 |

| | | | |
|---|---|---|---|
| 22 | ഭഗവതിപ്പറമ്പ് റോഡ് പൂർത്തീകരണം | 409478 | 788515,788516,788518/26-02-21 |
| 23 | കുട്ടപ്പുര വല്യപ്പറമ്പ് ഇടവഴി സംരക്ഷണം | 318907 | 800431/01-03-21, 788195,788202/26-02-21 |
| 24 | കളപ്പറമ്പ് റോഡ് സംരക്ഷണം | 409270 | 788385,788387,788390/26-02-21 |
| 25 | കൊന്നഞ്ചേരി ചുങ്കത്തൊടി ഇടവഴി സംരക്ഷണം | 408952 | 800388/01-03-21, 788034,788017/26-02-21 |
| 26 | പമ്പ് ഹൗസ് പ്രാക്കുളം റോഡ് സംരക്ഷണം | 403886 | 788111,788116/26-02-21, 957747/29-03-21 |
| 27 | വടക്കുമുറി കനാൽ റോഡ് സംരക്ഷണം | 409090 | 788111,788116/26-02-21, 957747/29-03-21 |
| 28 | വാളുവച്ചപ്പാറ പനങ്കാവ് റോഡ് പൂർത്തീകരണം | 409432 | 935105/26-03-21, 788435,788436/26-02-21 |
| 29 | കരിങ്കാളി അമ്പലം മുതൽ കുളത്തിങ്കൽ വരെ റോഡ് സംരക്ഷണം | 411901 | 935059/26-03-21, 788440,788444/26-02-21 |
| 30 | ചൂർക്കുന്ന് പരുവയ്ക്കൽ റോഡ് സംരക്ഷണം | 380292 | 957648/29-03-21, 797208,797209/27-02-21 |
| 31 | കൊട്ടേക്കാട് കൾച്ചിറക്കുണ്ട് റോഡ് പൂർത്തീകരണം | 409168 | 951183,951169,951157/29-03-21 |
| 32 | വാണിയമ്പാറ മൈലാട്ടുംപാറ റോഡ് സംരക്ഷണം | 374010 | 925715,925741/25-03-21 |
| 33 | പുത്തൂർ മൈലാട്ടുംപാറ റോഡ് സംരക്ഷണം | 373571 | 925808,925813/25-03-21 |
| 34 | വാഴോട് അമ്പലം റോഡ് സംരക്ഷണം | 409477 | 926070,926077,926059/25-03-21 |
| 35 | കൊട്ടേക്കാട് തോട്ടുച്ചാൽ റോഡ് സംരക്ഷണം | 262073 | 788466/26-02-21, 957665/29-03-21 |
| 36 | വാളുവച്ചപ്പാറ നായ്ക്കത്തിക്കുളമ്പ് റോഡ് സംരക്ഷണം | 404773 | 935221,935279,935306/26-03-21 |
| 37 | ചൂർക്കുന്ന് നമ്പൂരിമുത്തൻ റോഡ് | 304872 | 957790/29-03-21, 926306,926319/25-03-21 |

| | | | |
|---|---|---|---|
| | പൂർത്തീകരണം | | |
| 38 | മാട്ടുവഴി വിറക് പേട്ട റോഡ് സംരക്ഷണം | 334105 | 925868,925877/25-03-21 |
| 39 | ചൂർക്കുന്ന് അങ്കണവാടി റോഡ് പൂർത്തീകരണം | 364907 | 957798/29-03-21, 926237,926231/25-03-21 |
| 40 | കാരപ്പൊറ്റ കോങ്കളം റോഡ് സംരക്ഷണം | 379332 | 788398,788401/26-02-21, 957706/29-03,21 |
| 41 | താഴത്തുകല്ലിങ്കൽപ്പാടം പഞ്ചായത്ത് കിണർ റോഡ് സംരക്ഷണം | 374843 | 797201,797202/27-02-21, 957718/29-03-21 |
| | ആകെ | 15294046 | |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും വിതരണക്കാരന് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ 27/28.12.21 നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സാധനങ്ങൾ വിതരണം ചെയ്തതിന ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാസങ്ങൾ കഴിഞ്ഞാണ് കരാറുകാരന് തുക അനുവദിക്കുന്നതെന്നും ടിയാൻ പ്രതിമാസം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നതിനാലാണ് 2% നികുതി കുറവു ചെയ്യാതിരുന്നതെന്നും അറിയിച്ചു. ഭാവിയിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി കുറവു ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നതിനാൽ കൈപ്പറ്റിയ മുഴുവൻ തുകയ്ക്കും ബാധകമായ ജി.എസ്.ടി കരാറുകാരൻ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്.

2. ഭാവിയിൽ കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സാഹചര്യങ്ങളിൽ ബില്ലിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2020-21 | 13-12-2021 മുതൽ 28-12-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

മുൻവർഷങ്ങളിൽ ലഭ്യമായതും വിനിയോഗിക്കാൻ കഴിയാത്തതിനാൽ തിരിച്ചടച്ചതുമായ തുകയുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്കിന്റെ പേര് | ചെലവ് | തിരിച്ചടച്ച തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 25200 | യോഗപരിശീലനം | 0 | 25200 |
| | 2018-19 | 7558 | അങ്കണവാടി പോഷകാഹാരം | 0 | 7558 |
| | 2017-18 | 1400 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 1400 |
| | 2018-19 | 250000 | MGNRES ഭവന നിർമ്മാണ യൂണിറ്റ് | 0 | 250000 |
| | 2019-20 | 350000 | 167/20 എസ്.സി കോളനികൾക്ക് വാട്ടർടാങ്ക് | 0 | 350000 |
| | 2019-20 | 154240 | 179/20 ലൈഫ് ഭവന നിർമ്മാണം | 0 | 154240 |
| | 2019-20 | 3864 | ശിശു സൗഹൃദ ടോയ് ലെറ്റ് | 0 | 3864 |
| ആകെ | | | | | 792262 |

| | | | | | |
|---|---|---|---|---|---|

തൻവർഷത്തെ വരവ് ചെലവ് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 146136 | 180/20 ശിശു സൗഹൃദ ടോയ് ലെറ്റ് | 146136 | 0 |
| | 2020-21 | 10,00000 | 96/21 ഉഴവുകൂലി | 1000000 | 0 |
| | | 200000 | കറവയന്ത്രം വിതരണം | 0 | 200000 |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | | 100000 | ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| | | 350000 | 124/21 പകൽവീടുകളിലൂടെ വയോജനങ്ങൾക്ക് ആഹാരം നൽകൽ | 0 | 350000 |
| | | 640000 | 222/21 ലൈഫ് മിഷൻ(SC) | 640000 | 0 |
| | | 183459 | 212/21 ജീവൻ രക്ഷാ മരുന്ന് | 183459 | 0 |
| | | 25000 | 23/21 വിശപ്പുരഹിത കേരളം | 20000 | 5000 |
| | | 1000000 | 122/21 വഴിയോര വിശ്രമകേന്ദ്രം | 0 | 1000000 |
| | | 150000 | 175/21 പകൽവീട് വൈദ്യുതീകരണം | 98623 | 51377 |
| | | 70000 | 176/21 പകൽവീട് ഫർണിച്ചർ | 63307 | 6693 |
| | | 480000 | 174/21, പകൽവീട് | 480000 | 0 |
| | | 1500000 | 162/20 ഖാദി യൂണിറ്റ് അടിസ്ഥാന സൗകര്യവികസനം | 1288601 | 211399 |
| | | 150000 | 165/20 പട്ടികജാതി - തുറന്ന കുടിവെള്ളക്കിണറുകൾ ശുചിത്വ കുടിവെള്ളക്കിണറുകൾ ആക്കൽ | 150000 | 0 |
| ആകെ | | 6094595 | | 4270126 | 1824469 |
| ജില്ലാപഞ്ചായത്ത് | 2018-19 | 3745 | ഭിന്നശേഷി | 3745 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 2013-14 | 13939 | ഗായത്രീ നദീതടപദ്ധതി | 0 | 13939 |
| | | 3 | നെൽകൃഷിക്ക് ഉഴവുകൂലി | 0 | 3 |
| | 2019-20 | 39138 | 173/20 ലൈഫ് മിഷൻ | 39138 | 0 |
| | 2020-21 | 1280000 | 96/21 നെൽകൃഷിക്ക് കൂലിച്ചലവ് ധനസഹായം | 1280000 | 0 |
| | 2020-21 | 1200256 | 130/21 നെൽകൃഷിക്ക് കൂലിച്ചലവ് ധനസഹായം | 1200256 | 0 |
| | 2020-21 | 140000 | 65/21 പാലിന് സബ്സിഡി | 140000 | |
| | 2020-21 | 110000 | 131/21 പാലിന് സബ്സിഡി | 110000 | |
| ആകെ | | 2730256 | | 2730256 | 13942 |

## 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുക്കോട് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം 3/06.05.20 | 819519 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, വടക്കഞ്ചേരി | | | 187650 | 187650 | |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുക്കോട് | കുന്നം പുള്ളി DWS 3-ഫേസ് എക്സ്റ്റൻഷൻ | ബിൽ നം 19/14.07.20 | 188960 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |
| | | ബിൽ നം 18/19.08.20 | 12814 | | |
| കേരള ജല അതോറിറ്റി, ആലത്തൂർ ഡിവിഷൻ | വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | ബിൽ നം 12/06.07.20 | 340000 | 288163 | 51837/-രൂപ ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കിയിട്ടുണ്ട്. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | മുൻവർഷം-28660000 തൻവർഷം-440000 ആകെ -29100000 | 28660000 | 2429255 (വികസനഫണ്ട് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്) 220000-തിരിച്ചടച്ചത് | - | 26450745 |

.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 6240 രൂപയുടെ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2016-17 | 2-3(സി) | 6240 | സെക്രട്ടറി | പ്രൊപ്രൈറ്റർ, സസ്യ ഫുഡ് &ബിവറേജസ് | 120120105741/ 29.03.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 14-15 | | 2016-17 | 9.3.2- പൊതുവായ പരാമർശം | പൊതുടാപ്പുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് | സമിതി പരിഗണി ച്ചിട്ടില്ല. |
| | | | 2.4,2.6- പൊതുവായ പരാമർശം | തൊഴിൽ നികുതി | സമിതി പരിഗണി ച്ചിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹75755728/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹79003505/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ----- |
| പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ട തുക | | ₹10575/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹219964/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | ഒന്നുമില്ല | | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 10575 | ശ്രീ.നൈജു.ടി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 10575 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 20000 | ഡോ.റെമിൻ ആൽഫ്രെഡ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-38 | 199964 | ശ്രീ.നൈജു.ടി.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 219964 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.റെമിൻ ആൽഫ്രെഡ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | ടി.സി.15/1621, തൈക്കാട് പി.ഒ., തിരുവനന്തപുരം - 695 014 |
| ശ്രീ.നൈജു.ടി.വി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | തൈക്കൂട്ടത്തിൽ ഹൌസ്, നാലുകെട്ട്, കൊരട്ടി, തൃശ്ശൂർ. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുന്ന തീർപ്പാക്കാൻ അവശേഷി കളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P12/904/05/20.01.06 | 11 |
| 1997-98 | LF.P12/42/06/19.04.06 | 2 |
| 1998-99 | LF.P7/756/01/15.07.06 | 10 |
| 1999-00 | LF.P12/462/09/12.06.09 | 2 |
| 2000-01 | LF.P12/1396/05/04.01.06 | 22 |
| 2001-02 | LF.P12/1631/07/05.04.08 | 5 |
| 2002-03 | LF.P12/558/06/09.10.06 | 8 |
| 2003-04 | LF.P14/1405/13/22.10.13 | 5 |
| 2004-05 | LF.P17/1074/10/01.12.10 | 8 |
| 2005-06 | LF.P17/1074/10/01.12.10 | 7 |
| 2006-07 | LF.P17/1068/10/19.11.10 | 10 |
| 2007-08 | LF.P17/1032/11/14.12.11/05.06.12 | 7 |
| 2008-09 | LF.P17/1032/11/14.12.11/05.06.12 | 8 |
| 2009-10<br>2010-11<br>2011-12 | LF.P17/2763/13/06.01.14 | 23 |
| 2012-13 | എൽ എഫ് പി 17/390/2015 /2-5-15 | 18 |
| 2013-14 | നം. കെ.എസ്.എ-പികെഡി- | 24 |

| | | |
|---|---|---|
| & 2014-15 | 17/1427/16 തിയ്യതി:8.8.2016 | |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി.17-228-17/ 08.02.17 | 4 |
| 2016-17 | കെ.എസ്.എ-പികെഡി 17-1174/2017 /26.07.2017 | 14 |
| 2017-18 | നം.കെ.എസ്.എ-പികെഡി.17-835/2019/20.07.2019 | 29 |
| 2018-19 | നം.കെ.എസ്.എ-പികെഡി.17/ 549/2020/19.05.2020 | 31 |
| 2019-20 | നം.കെ.എസ്.എ-പികെഡി.17/253/22 | 25 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

വാർഷിക കണക്ക്-വിവിധ പത്രികകൾ

| | | | |
|---|---|---|---|
| Kannambra Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20628393.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1056087.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3600.00 |
| 140000000 | Fees & User Charges | RP-4 | 570127.00 |
| 150000000 | Sale & Hire Charges | RP-5 | 153833.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 56527819.00 |
| 171000000 | Interest Earned | RP-9 | 524133.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10420672.00 |
| 350000000 | Other Liabilities | RP-36 | 240212.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6340.00 |
| 330000000 | Secured Loans | RP-32 | 440000.00 |
| 340000000 | Deposits Received | RP-34 | 233080.00 |
| 350000000 | Other Liabilities | RP-36 | 740623.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3571456.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1267746.00 |
| | Grand total | | 96384121.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3210304.00 |
| 220000000 | Administrative Expenses | RP-12 | 4720188.00 |
| 230000000 | Operations & Maintenance | RP-13 | 3772996.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7642769.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14707611.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1709401.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 522440.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 588875.00 |
| 255000000 | Maintenance Projects | RP-20 | 17422512.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 12940.00 |
| 280000000 | Prior Period item | RP-26 | 141720.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2723746.00 |
| 350000000 | Other Liabilities | RP-36 | 4820130.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 2938.00 |
| 280000000 | Prior Period Item | RP-26 | -1350.00 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 106299.00 |
| 350000000 | Other Liabilities | RP-36 | 2159930.00 |
| 410000000 | Fixed Assets | RP-38 | 6616077.00 |
| 412000000 | Capital work in Progress | RP-40 | 2097624.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3935773.00 |
| 440000000 | Pre-paid Expenses | RP-45 | 320000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1550582.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17266700.00 |
| Cash | Cash | RP-40(b) | 113916.00 |
| | Grand Total | | 96384121.00 |

| Kannambra Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4529703.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 122434.00 |
| 140000000 | Fee & User Charges | I-4(b) | 877527.00 |
| 150000000 | Sale & Hire Charges | I-5(b) | 153833.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, | I-6 | 176568482.00 |

| | | | |
|---|---|---|---|
| | Contributions & Compensations / Subsidies | | |
| 171000000 | Interest Earned | I-8 | 524133.00 |
| 180000000 | Other Income | I-9 | 6340.00 |
| | Total Income | | 182782452.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10211964.00 |
| 220000000 | Administrative Expenses | I-11(b) | 4720188.00 |
| 230000000 | Operations & Maintenance | I-12(b) | 3772996.00 |
| 240000000 | Interest & Finance Charges | I-13 | 2938.00 |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 7642769.00 |
| 251000000 | Decentralised Plan Programme- Service Sector | I-14(a) | 63579621.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 1709401.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 535550.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 62755975.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 17422512.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 12940.00 |
| 272000000 | Depreciation | I-17(a) | 7314128.00 |
| | Total Expenditure | | 179680982.00 |
| | Gross Surplus/ Deficit of income over Expenditure | | 3101470.00 |
| 280000000 | Prior Period Item | I-18 | 150410.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2951060.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kannambra Grama Panchayat
BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 22484009.86 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 66456494.00 |
| | Total Reserve & Surplus | | 88940503.86 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4130792.00 |
| | Total Grants, Contributions for Specific Purposes | | 4130792.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 26450745.00 |
| | Total Loans | | 26450745.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 383119.00 |
| 350000000 | Other Liabilities | B-9 | 1334315.14 |
| | Total Current Liabilities and Provisions | | 1717434.14 |
| | TOTAL LIABILITIES | | 121239475.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86737536.00 |
| 411000000 | Accumulated Depreciation | B-11 | -14752292.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 71985244.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4272716.00 |
| 440000000 | Pre-paid Expenses | B-16 | 26330745.00 |
| 450000000 | Cash and Bank Balance | B-17 | 17380616.00 |
| 460000000 | Loans, Advances and Deposits | B-18 | 1270154.00 |
| | Total Current Assets, Loans and Advances | | 49254231.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 121239475.00 |